# റബ്ബർ

ഡിസംബർ 2024 • വാർഷികവരിസംഖ്യ ₹100

- വടക്കുകിഴക്കൻ മേഖലയ്ക്കായി റബ്ബറിനങ്ങൾ
- ടാപ്പിങ്ങിൽ ഒരു 'ന്യൂ ജെൻ' കാൽവെയ്പ്പ്
- ബോറിഗോണിലെ മൺപുകപ്പുര
- റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്റർ
- ചാൾസ് ഗുഡിയറിനെ അറിയാം



## വേനലിനെ അതിജീവിക്കാൻ


CHEERAKUZHY
Wonder Root™
ROOT TRAINER RU BBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
UNION MKD
ചീരക്കുഴി®
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം


06 | വേനലിനെ അതിജീവിക്കാൻ

10 | വടക്കുകിഴക്കൻ മേഖലയ്ക്കായി റബ്ബറിനങ്ങൾ

14 | ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന് റിസേർച്ച് ഗ്രാന്റ്

16 | ടാപ്പിങ്ങിൽ ഒരു 'ന്യൂ ജെൻ' കാൽവെയ്പ്പ്

18 | ബോറിഗോണിലെ മൺപുകപ്പുര

21 | ഡി.ആർ.സി. പരിശോധിക്കാൻ കാഞ്ഞങ്ങാട് റബ്ബേഴ്സിൽ സൗകര്യം

23 | ആർ.പി.ഐ.സി. – ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

26 | ചാൾസ് ഗുഡിയറിനെ അറിയാം

31 | കോൾ സെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ



703

# റബ്ബർ

ഡിസംബർ 2024



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ :
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം – 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*




# റബ്ബർതൈകളുടെ സംരക്ഷണം ഉറപ്പാക്കണം

കാലാവസ്ഥ സംബന്ധിച്ച് പരമ്പരാഗതമായി തുടർന്നുവരുന്ന കണക്കുകൂട്ടലുകൾ എല്ലാം തെറ്റിക്കൊണ്ടിരിക്കുകയാണ്. ഇതെഴുതുന്ന ഡിസംബർ ആദ്യവാരത്തിൽ പലയിടങ്ങളിലും മഴ തകർത്തു ചെയ്യുകയാണ്. ന്യൂനമർദ്ദവും ചുഴലിക്കാറ്റുമെല്ലാമാണ് ഇപ്പോഴത്തെ മഴയുടെ കാരണമെന്നാണ് കാലാവസ്ഥാവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്.

കാലവർഷത്തിന്റെ തുടക്കത്തിൽ നട്ട തൈകളെല്ലാം ഇതിനകം നല്ല വളർച്ച കൈവരിച്ചിട്ടുണ്ടാകാം. ഇടയ്ക്കിടയ്ക്ക് മഴ കിട്ടുന്നുമുണ്ട്. പക്ഷേ, ജനുവരി മുതൽ കാലാവസ്ഥ മാറിയേക്കാം. വേനൽ കടുക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. കാലാവസ്ഥയിലെ പെട്ടെന്നുള്ള മാറ്റം റബ്ബർതൈകളെ കാര്യമായി ബാധിച്ചേക്കാം. അതുകൊണ്ട് വേനൽകാലത്തിന് മുമ്പായി തൈകൾക്ക് ആവശ്യമായ സംരംക്ഷണങ്ങൾ നൽകുന്നത് നന്നായിരിക്കും.

മഴ പോകുന്നതിന് മുമ്പായി തൈകളുടെ ചുവട്ടിൽ നന്നായി പുതയിടണം. മണ്ണിലെ ഈർപ്പം നഷ്ടപ്പെടാതിരിക്കാൻ ഇത് സഹായിക്കും. മഴ പൂർണമായി മാറിയശേഷം പുതയിട്ടാൽ ഉദ്ദേശിക്കുന്ന ഫലം കിട്ടില്ല. അപ്പോഴേക്കും വെയിലിന്റെ കാഠിന്യം മൂലം തൈകളുടെ ചുവട്ടിലെ മണ്ണ് ഉണങ്ങി ജലാംശം നഷ്ടപ്പെട്ടിരിക്കും. ആവശ്യമായ വേനൽകാലസംരക്ഷണങ്ങൾ കൃത്യമായി നടപ്പാക്കിയാൽ തൈകളുടെ ആരോഗ്യകരമായ നിലനിൽപ് ഉറപ്പാക്കാം.

– എഡിറ്റർ



# ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണം

റബ്ബർ അടക്കമുള്ള കാർഷികമേഖല ഒട്ടേറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കാലാവസ്ഥാമാറ്റം, വർദ്ധിച്ചുവരുന്ന കൃഷിച്ചെലവുകൾ, വിദഗ്ധരായ തൊഴിലാളികളുടെ ദൗർലഭ്യം, മറ്റ് കാർഷികേതരമേഖലകളിലേക്കുള്ള മാറ്റം എന്നിങ്ങനെ ഒട്ടേറെ കാരണങ്ങൾ കർഷകർക്ക് മുന്നിലുണ്ട്. കൃഷി ലാഭകരമായാൽ മാത്രമേ കർഷകരുടെ നിലനിൽപ് സാധ്യമാകൂ. ഇപ്പോഴത്തെ സാഹചര്യങ്ങളിൽ പരമാവധി വിളവ് നേടുന്ന കർഷകർക്ക് സുസ്ഥിരത ഉറപ്പാക്കാൻ കഴിയുമെന്നത് തീർച്ചയാണ്. പക്ഷേ, കൃഷിയോടുള്ള സമീപനത്തിലും ആവിഷ്കാരത്തിലും കാലികമായ മാറ്റങ്ങൾ വരുത്തിയാലേ അത് സാധ്യമാകൂ.

കാർഷികമേഖലയുടെ വളർച്ചയിൽ സാങ്കേതികവിദ്യകൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. ഇക്കാര്യത്തിൽ ഏറെ മുന്നോട്ട് പോകാൻ റബ്ബർബോർഡിന് കഴിഞ്ഞിട്ടുണ്ട്. കാർഷികജോലികളിലെ യന്ത്രവത്ക്കരണം, വിവരസാങ്കേതികവിദ്യകളുടെ ഉപയോഗം, മൊബൈൽ ആപ്പുകളുടെയും സോഷ്യൽ മീഡിയകളുടെയും പ്രയോജനപ്പെടുത്തൽ എന്നിങ്ങനെ നിരവധി മേഖലകളിൽ റബ്ബർബോർഡ് കർഷകർക്കുവേണ്ടി ആധുനിക സാങ്കേതികവിദ്യകൾ സമന്വയിപ്പിച്ചിട്ടുണ്ട്. അവയെല്ലാം പരമാവധി പ്രയോജനപ്പെടുത്തുന്നവർക്ക് റബ്ബർകൃഷി ലാഭകരമാക്കാൻ കഴിയും.

റബ്ബറിന്റെ വളപ്രയോഗത്തിനുള്ള 'റബ്സിസ്' എന്ന ഓൺലൈൻ ശുപാർശാ സംവിധാനം ശാസ്ത്രീയമായ കൃഷിരീതികൾ നടപ്പാക്കുന്നതിന് കർഷകർക്ക് ഏറെ സഹായകരമാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ സഹായത്തോടെ തയ്യാറാക്കിയിരിക്കുന്ന 'ക്രിസ്പ്' എന്ന മറ്റൊരു ഡിജിറ്റൽ സംവിധാനത്തിലൂടെ റബ്ബർകൃഷിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഏതൊരാൾക്കും എളുപ്പത്തിൽ അറിയാൻ കഴിയും. ഇത്തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷനുകൾക്ക് പുറമെ റബ്ബർ ബോർഡിലെ വിവിധ വിഭാഗങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്നതിനും ആശയങ്ങൾ പങ്കിടുന്നതിനുമായി ഒരു 'വീഡിയോ കോൺഫ്രൻസിങ്' സംവിധാനവും റബ്ബർബോർഡ് ഒരുക്കിയിട്ടുണ്ട്. റബ്ബർതോട്ടങ്ങളിൽ മരുന്ന് തളിക്കുന്നതിന് ഡ്രോണുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചുവരികയാണ്. യൂറോപ്യൻ യൂണിയന്റെ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ (ഇ.യു.ഡി.ആർ.) എല്ലാ റബ്ബറുത്പാദകരാജ്യങ്ങൾക്കും ഒരുപോലെ ആശങ്കാജനകമാണ്. എന്നാൽ, ഇ.യു.ഡി.ആർ. നിയമങ്ങൾക്കനുസരിച്ച് നമ്മുടെ കർഷകരുടെ ഉത്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ റബ്ബർബോർഡ് ആരംഭിച്ചു കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട ഒരു വെബ്സൈറ്റും നിലവിൽ വന്നിട്ടുണ്ട്.

ഇത്തരത്തിലുള്ള പുതിയ സംവിധാനങ്ങൾ എല്ലാം മനസ്സിലാക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന കർഷകർക്ക് ചെലവ് കുറച്ച് കൂടുതൽ വിളവ് നേടാനും അധികവരുമാനമാർഗങ്ങൾ കണ്ടെത്താനും കൃഷി ലാഭകരമാക്കാനും കഴിയും. അതുപോലെ വിളവെടുക്കുന്ന തോട്ടങ്ങൾ ഇടവേള കൂടിയ ടാപ്പിങ്‌രീതിയിലേക്ക് മാറിയാൽ ഉത്പാദനത്തിൽ കുറവു വരാതെ വിളവെടുപ്പുചെലവ് കുറയ്ക്കാൻ പറ്റും. തൈനടുമ്പോൾ വിളവ് കൂടിയ ഇനം തന്നെ തെരഞ്ഞെടുക്കാനും ശ്രദ്ധിക്കണം.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



ഡോ. ഫേബ ജോസഫ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# വേനലിനെ അതിജീവിക്കാൻ

ആഗോളതാപനഫലമായി കാലാവസ്ഥയിലുണ്ടാകുന്ന അസാധാരണ മാറ്റങ്ങൾ മറ്റ് കാർഷികവിളകളെ എന്നപോലെ റബ്ബറിന്റെയും വളർച്ച, ഉത്പാദനക്ഷമത എന്നിവയെ സാരമായി ബാധിക്കുന്നുണ്ട്. വേനൽകാലത്തെ ചൂടിന്റെ തീവ്രത ഓരോ വർഷവും കൂടി വരുന്ന ഈ സാഹചര്യത്തിൽ നഴ്സറിയിലെ റബ്ബർ തൈകളെയും തോട്ടത്തിൽ നട്ടിരിക്കുന്ന ചെറുതൈകളെയും വളരെ വേഗം ഉണക്ക് ബാധിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. ഒരു ദീർഘകാലവിളയായ റബ്ബറിൽ തുടക്കം മുതലേ കരുതലോടെ കൃഷി നടത്തിയില്ലെങ്കിൽ അത് വർഷങ്ങൾ നീണ്ടുനിൽക്കുന്ന തീരാനഷ്ടത്തിനിടയാക്കും. അതിനാൽ കൃഷിയുടെ പ്രാരംഭ കാലം മുതൽ തന്നെ വളരെ കരുതലോടെ മണ്ണിൽ പരമാവധി ഈർപ്പം നിലനിർത്തുന്നതിന് സഹായിക്കുന്ന പരിചരണമുറകൾ തോട്ടത്തിൽ സമയബന്ധിതമായി നടപ്പാക്കിയാൽ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും റബ്ബറിൽ നിന്ന് ദീർഘകാലം സുസ്ഥിരമായ ഉത്പാദനം ഉറപ്പാക്കുന്നതിനും സാധിക്കും.

### നഴ്സറികളിൽ

ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനത്തിൽ നഴ്സറികളിലെ പരിപാലനം വളരെ പ്രധാനപ്പെട്ടതാണ്. നഴ്സറികൾ തുറസ്സായ സ്ഥലങ്ങളിൽ ആയതിനാൽ സൂര്യപ്രകാശം നേരിട്ട് പതിച്ച് മണ്ണിലെ ഈർപ്പം നഷ്ടപ്പെടാനുള്ള സാധ്യത കൂടുതലാണ്. തൈത്തവാരണകളിൽ ചെറുതൈകളുടെ തണ്ട് മണ്ണുമായി ചേരുന്ന ഭാഗത്ത് ഉണക്ക് ബാധിച്ച് തൈകൾ മുഴുവനായി ഉണങ്ങിനശിക്കാറുണ്ട്. വേനൽകാലത്ത് തൈകൾക്ക് ചുറ്റുമുള്ള മണ്ണ് ക്രമാതീതമായി ചൂടാകുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. തൈകൾക്ക് ചുറ്റുമുള്ള തടങ്ങളിൽ ഉണങ്ങിയ ഇലകളും തോട്ടപ്പയറുമൊക്കെ ഉപയോഗിച്ച് നന്നായി പുതയിടുന്നതിലൂടെ മണ്ണിലെ ഈർപ്പം നിലനിർത്താം. പുല്ലും ചെറിയ കളകളും മറ്റും ചവർ വെയ്ക്കാനായി ഉപയോഗിച്ചാൽ അവയുടെ വിത്തുകൾ നഴ്സറിത്തടങ്ങളിൽ വീഴുകയും തടങ്ങൾ നനയ്ക്കുമ്പോൾ ലഭിക്കുന്ന ഈർപത്തിൽ അവ കിളിർക്കുകയും ചെയ്യും. പച്ചയിലകൾ പുതയിടാനായി ഉപയോഗിക്കരുത്. അവ ഉണങ്ങുമ്പോൾ ചൂടുണ്ടാകുകയും തടങ്ങളിലെ ചൂട് കൂടുന്നതിന് ഇടയാകുകയും ചെയ്യും. ഇതു ഗുണത്തേക്കാളേറെ ദോഷം ചെയ്യും. തൈകളുടെ ചുവട്ടിൽ നിന്ന്



അൽപം അകലത്തിൽ വേണം ചവർ വെയ്ക്കാൻ. കൂടത്തൈ/കപ്പുത്തൈ നഴ്സറികളിൽ പന്തൽ കെട്ടി തൈകൾക്ക് തണൽ നൽകേണ്ടതാണ്. കൂടാതെ തവാരണകളിൽ പാകുന്നതു മുതൽ തൈകളുടെ എല്ലാ വളർച്ചാഘട്ടങ്ങളിലും ക്രമമായി ജലസേചനം നടത്തുകയും വേണം. വേണ്ടത്ര വെള്ളം ലഭിക്കാതെ വളർച്ച മുരടിച്ച തൈകൾ പിന്നീട് തോട്ടത്തിലേക്ക് മാറ്റി നടുമ്പോഴും നന്നായി വളരുകയില്ല. വ്യാവസായികാടിസ്ഥാനത്തിൽ നടത്തിവരുന്ന നഴ്സറികളിൽ പലപ്പോഴും അമിതജലസേചനം നടത്തുന്നതായി കണ്ടുവരുന്നു. വെള്ളത്തിന്റെ ദുരുപയോഗം പരമാവധി കുറച്ച് തൈച്ചുവടുകൾ അല്ലെങ്കിൽ കപ്പുകൾ മാത്രം നനയുന്ന തരത്തിലുള്ള ജലസേചനരീതി (മൈക്രോ ഇറിഗേഷൻ സിസ്റ്റം) അനുവർത്തിക്കുന്നത് പ്രയോജനകരമായിരിക്കും.



### റബ്ബർ നടാൻ നിലമൊരുക്കുമ്പോൾ

നടീലിനു മുന്നോടിയായി നിലമൊരുക്കുന്ന സമയത്ത് വരൾച്ചയുടെ സാധ്യതകൾ മുൻകൂട്ടി കണ്ട് ആവശ്യമായ മണ്ണു-ജലസംരക്ഷണനടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്. ചെരിവുള്ള ഭൂമിയിൽ മഴക്കാലത്ത് പരമാവധി വെള്ളം പിടിച്ചുനിർത്തുന്നതിന് സഹായിക്കുന്ന രീതിയിൽ കോണ്ടൂർ നിരപ്പുതട്ടുകൾ എടുക്കാനും ഇടക്കയ്യാലകൾ നിർമിക്കാനും ശ്രദ്ധിക്കണം. അതുപോലെ തന്നെ റബ്ബർ നടാൻ സ്ഥലം തെരഞ്ഞെടുക്കുമ്പോൾ തീരെ മണ്ണാഴം കുറഞ്ഞതും നിരപ്പുപാറയോ കടുപ്പമേറിയ കല്ലോ കൂടുതൽ ഉള്ളതുമായ ഭാഗങ്ങൾ ഒഴിവാക്കണം. ഈ പ്രദേശങ്ങളിൽ തൈകൾ ആദ്യവർഷങ്ങളിൽ കരുത്തോടെ വളരുമെങ്കിലും ക്രമേണ തൈയുടെ വേര്



പാറയിലോ കല്ലിലോ തട്ടുകയും ജലാംശം കുറഞ്ഞ മണ്ണിൽ തൈകൾ വേനൽകാലത്ത് പെട്ടെന്നുണങ്ങുകയും ചെയ്യും.

### നടീലിനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ

ഉണക്കിനെ അതിജീവിക്കാൻ കഴിവുള്ളതും അത്യുത്പാദനശേഷിയുള്ളതുമായ നടീലിനങ്ങൾ തെരഞ്ഞെടുക്കണം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത ആർആർഐഐ 430 പോലുള്ള ഇനങ്ങൾക്ക് ആർആർഐഐ 105-നെ അപേക്ഷിച്ച് വരൾച്ചയെ അതിജീവിക്കാനുള്ള കഴിവുണ്ട്. അതുപോലെ കൂടകളിലോ കപ്പുകളിലോ നേരിട്ടു വിത്ത് പാകി ബഡ്ഡുചെയ്ത് ഉത്പാദിപ്പിക്കുന്ന തൈകൾക്ക് ഒട്ടുതൈക്കുറ്റികൾ നട്ടുണ്ടാക്കുന്ന തൈകളേക്കാൾ കൂടുതൽ ദൃഢമായ വേരുപടലമുള്ളതിനാൽ ഇപ്രകാരം വളർത്തിയെടുത്ത തൈകൾക്ക് വരൾച്ചയെ പ്രതിരോധിക്കാനുള്ള കഴിവ് കൂടുതലാണ്.

### തൈകൾ നടുമ്പോൾ

തൈകൾക്ക് മഴയുടെ പ്രയോജനം പൂർണമായും ലഭിക്കത്തക്കവിധം നടീൽസമയം ക്രമീകരിക്കണം. കാലവർഷാരംഭത്തിൽ തന്നെ തൈനടീൽ പൂർത്തിയാക്കണം. റബ്ബർതോട്ടങ്ങളിലെ ചെറുതൈകളിൽ തണ്ടിന്റെ ചുവടുഭാഗത്ത്, പ്രത്യേകിച്ചും തെക്കും പടിഞ്ഞാറും ഭാഗങ്ങളിലാണ് സാധാരണഗതിയിൽ സൂര്യാഘാതം കൂടുതൽ ഏൽക്കുന്നത്. ഉണക്ക് ബാധിച്ച ഭാഗത്ത് തൊലി ഉണങ്ങുകയും ചിലപ്പോൾ തൊലി പൊട്ടി റബ്ബർപാൽ ഒഴുകുകയും ചെയ്യും. തൈകൾ നടുമ്പോൾ ഒട്ടുകണ്ണിൽ സൂര്യപ്രകാശം നേരിട്ട് അടിക്കുന്നത് തടയാൻ ഒട്ടുകണ്ണ് വടക്കുകിഴക്ക് ദിശയിലായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

### അപക്വകാലഘട്ടങ്ങളിൽ പുതവെയ്ക്കൽ

വേനലിന്റെ കാഠിന്യത്തിൽനിന്ന് തൈമരങ്ങളെയും മണ്ണിനെയും സംരക്ഷിക്കുന്നതോടൊപ്പം തൈകളുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ഒരു ഉത്തമ പരിപാലനമുറയാണ് പുതയിടൽ. തുലാവർഷം പെയ്തുതീരുന്നതിനു തൊട്ട് മുന്നേ പുതയിട്ടാൽ മണ്ണിൽ പരമാവധി ഈർപം സംരക്ഷിക്കപ്പെടുകയും തൈകളുടെ ചുവട്ടിലെ മണ്ണിൽ സൂര്യപ്രകാശം നേരിട്ട് പതിക്കാത്തതിനാൽ ദീർഘകാലത്തേക്ക് മണ്ണുണങ്ങാതെ അതിന്റെ പ്രയോജനം തൈകൾക്ക് കിട്ടുകയും ചെയ്യും. പല കർഷകരും വേനൽ കടുത്തതിനുശേഷമാണ് പുതയിടുന്നത്. ഇത് വേണ്ടത്ര പ്രയോജനം ചെയ്യില്ല. പുതയിടുന്നതിന് മുന്നേ തൈകളുടെ ചുവട്ടിലെ കളകൾ നീക്കി മണ്ണ് ചെറുതായിട്ടൊന്ന് ഇളക്കുന്നത് നല്ലതാണ്. തൈകളുടെ വേരിന് ക്ഷതമേൽക്കാത്തരീതിയിൽ വേണം മണ്ണിളക്കാൻ. ഒരു മുപ്പല്ലി (ഫോർക്ക്) ഉപയോഗിച്ച് നാലഞ്ചു സെന്റീമീറ്റർ ആഴത്തിൽ ചെറുതായി മേൽമണ്ണ് ഒന്നു പൊട്ടിച്ചുകൊടുത്താൽ മതി. ഇതു ചെയ്യുന്നതുകൊണ്ട് മണ്ണിലെ സൂക്ഷ്മരന്ധ്രങ്ങൾ (capillary tubes) വഴി വെള്ളം മണ്ണിനു മുകളിൽ എത്തി നീരാവിയായിപ്പോകുന്നത് തടയാൻ കഴിയും. മാത്രമല്ല, പുതയിട്ടശേഷം വല്ലപ്പോഴും കിട്ടാറുള്ള വേനൽമഴയിൽ പരമാവധി വെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനും ഇത് സഹായിക്കുന്നു.

പുതയിടുന്നതിനായി ഏതുതരം ജൈവവസ്തുക്കളും ഉപയോഗിക്കാം. തൈകൾക്കു ചുറ്റുമായി തൈകളുടെ



തണ്ടിൽനിന്ന് 5–10 സെ.മീ. അകലത്തിൽ വേണം പുതയിടാൻ. നന്നായി ഉണങ്ങിയ ജൈവവസ്തുക്കളാണ് പുതയിടാൻ ഉത്തമം. തോട്ടത്തിൽ നിന്ന് നീക്കം ചെയ്യുന്ന കളകൾ, ചപ്പുചവറുകൾ, കരിയില, കറകളഞ്ഞ ചകിരിച്ചോറ്, വൈക്കോൽ, ചകിരിത്തൊണ്ട്, ആവരണവിളകളുടെ വള്ളികൾ തുടങ്ങി വിവിധതരത്തിലുള്ള ജൈവവസ്തുക്കൾ പുതയിടാനായി ഉപയോഗിക്കാവുന്നതാണ്. പച്ചിലകളും വള്ളികളും വെട്ടി, രണ്ടോ മൂന്നോ ദിവസം തോട്ടത്തിൽ തന്നെയിട്ട് ഉണക്കിയശേഷം വേണം തൈകളുടെ ചുവട്ടിൽ വയ്ക്കാൻ. പച്ചിലകൾ അഴുകുമ്പോളുണ്ടാകുന്ന ചൂടേറ്റ് തൈത്തണ്ടിന് കേടുപറ്റാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്.

ജൈവവസ്തുക്കൾ ആവശ്യാനുസരണം കിട്ടാത്ത സാഹചര്യത്തിൽ പ്ലാസ്റ്റിക് പുതകളും ഉപയോഗിക്കാം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നടത്തിയ പരീക്ഷണങ്ങളിൽ 'പൊളിപ്രൊപ്പിലിൻ വീവൻ ഫേബ്രിക്' പുതയിടുന്നതിന് ഫലപ്രദമാണെന്ന് കണ്ടു. ഇതിന് അൾട്രാവയലറ്റ് രശ്മികളെ ചെറുക്കാനുള്ള കഴിവുള്ളതിനാൽ ഏകദേശം നാല് വർഷത്തോളം വലിയ കേടുപാടുകൾ കൂടാതെ ഉപയോഗിക്കാൻ കഴിയും. പ്ലാസ്റ്റിക് നാട ഉപയോഗിച്ച് ഉണ്ടാക്കിയിരിക്കുന്നതിനാൽ അവയിൽ ഇടയ്ക്ക് സൂക്ഷ്മമായ സുഷിരങ്ങൾ ഉണ്ട്. ഈ സുഷിരങ്ങൾ വായു സഞ്ചാരം ഉറപ്പുവരുത്തുകയും മഴവെള്ളം മണ്ണിലേക്കിറങ്ങാൻ അനുവദിക്കുകയും ചെയ്യുന്നു. ഇതിന് പ്രാരംഭച്ചെലവ് കൂടുതലാണെങ്കിലും ഓരോ വർഷവും ആവർത്തനക്കൃഷിചെയ്യുന്ന എസ്റ്റേറ്റ് മേഖലയിൽ 'പൊളിപ്രൊപ്പിലിൻ വീവൻ ഫേബ്രിക്' കൊണ്ട് പുതയിടുകയും അവ പുനരുപയോഗം നടത്തുകയും ചെയ്താൽ ലാഭകരമായിരിക്കും

### തണൽ കൊടുക്കൽ

ചെറിയ തൈകളെ വേനലിൽ നിന്ന് സംരക്ഷിക്കുന്നതിന് മെടഞ്ഞ ഓല, പേപ്പർ, വെളുത്ത പോളിത്തീൻ ഷീറ്റ്, ചാക്ക്, വൈക്കോൽ എന്നിവയിലേതെങ്കിലും ഉപയോഗിച്ച് തൈകൾ മറച്ചു കെട്ടാവുന്നതാണ്. ആദ്യവർഷങ്ങളിൽ വാഴ ഇടവിളയായി കൃഷിചെയ്യുന്നത് റബ്ബർതൈകൾക്ക് തണലേകുകയും വരൾച്ചയുടെ കാഠിന്യം കുറയ്ക്കുകയും ചെയ്യും.

### ആവരണവിളകൾ/ഇടവിളകൾ/ജൈവവേലികൾ

വേനൽകാലത്ത് സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നത് മണ്ണിന്റെ ആരോഗ്യത്തെ ബാധിക്കുകയും മഴക്കാലത്ത് മഴവെള്ളം നേരിട്ട് മണ്ണിൽ പതിക്കുന്നത് മണ്ണൊലിപ്പ് കൂട്ടുകയും ചെയ്യും. *മ്യൂക്കുണ, പ്യൂറേറിയ, കലപ്പഗോണിയം* തുടങ്ങിയ ആവരണവിളകളും വിവിധതരം ഇടവിളകളും നട്ടുപിടിപ്പിക്കുന്നത് മണ്ണിന് നല്ലൊരു ആവരണമായി മാറുകയും മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നത് ഒരു പരിധിവരെ കുറയ്ക്കുകയും ചെയ്യുന്നു. സസ്യാവശിഷ്ടങ്ങൾ മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനാൽ മണ്ണിന്റെ ജലാഗിരണശേഷിയും ജലസംഭരണശേഷിയും കൂട്ടുകയും ചെയ്യും. ആവരണവിളകളും ഇടവിളകളും ഇല്ലാത്ത തോട്ടങ്ങളിൽ ഇടനിരകളിൽ റബ്ബറിന് ദോഷകരമല്ലാത്ത രീതിയിൽ കളകളെ വളരാനനുവദിച്ചാൽ മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നത് തടയുന്നതിനും വേനൽകാലത്ത് മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനും സാധിക്കും. റബ്ബർകൃഷിയുടെ ആദ്യവർഷങ്ങളിൽ നിരപ്പുതട്ടുകളുടെ പുറംഅരികിലൂടെ രാമച്ചവേലികൾ വെച്ചുപിടിപ്പിക്കുന്നത് മണ്ണിന്റെ ജലാഗിരണശേഷിയും ജലസംഭരണശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉപാധിയാണ്.





### നീർക്കുഴികൾ അഥവാ മഴക്കുഴികൾ

മഴവെള്ളം ഭൂമിയിൽ ആഴ്ത്താൻ പറ്റുന്ന വളരെ ഫലപ്രദമായ ഒരു മാർഗമാണ് നീർക്കുഴികൾ അഥവാ മഴക്കുഴികൾ. 120 സെ.മീ. നീളവും 45 സെ.മീ. വീതിയും 75 സെ.മീ. ആഴവുമുള്ള മഴക്കുഴികൾ ഇടനിരകളിലാണെടുക്കേണ്ടത്. ഒരു ഹെക്ടർ തോട്ടത്തിൽ 250 മഴക്കുഴികൾ വരെ എടുക്കാവുന്നതാണ്.

### ജലസേചനം

റബ്ബർതോട്ടങ്ങളിൽ ജലസേചനം അപ്രായോഗികമാണെങ്കിലും മഴയുടെ കുറവ്, മഴ പെയ്യുന്ന കാലത്തിലും പെയ്യുന്ന രീതിയിലും വന്നിട്ടുള്ള മാറ്റങ്ങൾ എന്നിവ കണക്കിലെടുത്ത് വരൾച്ച കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ തൈകൾ പിടിച്ചുകിട്ടാനും വേനലിനെ അതിജീവിക്കാനും ആദ്യവർഷങ്ങളിൽ പരിമിതമായ ജലസേചനം ആവശ്യമായി വരുന്നു. ഇപ്രകാരം തൈച്ചുവട് മിതമായി നനച്ചുകൊടുക്കാൻ 'സബ്സോയിൽ ഇഞ്ചക്ടർ' ഉപയോഗിക്കാം. വർഷകാലത്ത് ലഭ്യമാകുന്ന ജലം പാഴാക്കാതെ കുളങ്ങൾ, കിണറുകൾ, ചിറകൾ, പോളിത്തീൻ ഷീറ്റ് (സിൽപോളിൻ) പാകിയ കുഴികൾ അല്ലെങ്കിൽ പ്രത്യേക ജലസംഭരണികൾ എന്നിവയിൽ ശേഖരിക്കുകയാണെങ്കിൽ ഭാവിയിൽ ജലസേചനത്തിനായി ഉപയോഗിക്കാവുന്നതാണ്.

### വെള്ളപൂശൽ

തൈകളുടെ രണ്ടാംവർഷം മുതൽ ഇലപ്പടർപ്പ് കൂട്ടിമുട്ടി തോട്ടത്തിൽ തണലാകുന്നതുവരെയുള്ള കാലയളവിൽ തൈകളുടെ ചുവടുമുതൽ കവര വരെ തൊലിയിൽ തവിട്ടുനിറമെത്തിയ ഭാഗത്ത് വെയിലിന്റെ ചൂടേൽക്കാതിരിക്കാൻ ചുണ്ണാമ്പോ കളിമണ്ണോ (ചൈനാക്ലേ) ഉപയോഗിച്ച് വെള്ളപൂശണം. വെള്ളപൂശാനുപയോഗിക്കുന്ന ചുണ്ണാമ്പിനോടൊപ്പം തുരിശ് ചേർക്കേണ്ട ആവശ്യമില്ല. ഇത് അനാവശ്യമായ ചെലവിനു കാരണമാകും. ചൈനാക്ലേ ഉപയോഗിക്കുന്ന പക്ഷം തുടക്കത്തിൽ ഒന്നോ രണ്ടോ മരങ്ങളിൽ പുരട്ടി നോക്കി ഗുണമേന്മ ഉറപ്പുവരുത്തിയശേഷം ബാക്കി മരങ്ങളിൽ പുരട്ടുന്നത് നന്നായിരിക്കും.



### തീപിടുത്തം തടയാൻ 'ഫയർബ്രേക്ക്' അഥവാ 'ഫയർ ബെൽറ്റ്'

വേനൽകാലത്ത് ആകസ്മികമായി ഉണ്ടാകുന്ന അഗ്നിബാധയിൽനിന്ന് തോട്ടങ്ങളെ സംരക്ഷിക്കാനായി തോട്ടത്തിനുചുറ്റും 'ഫയർബ്രേക്ക്' അഥവാ 'ഫയർ ബെൽറ്റ്' ഉണ്ടാക്കുന്നത് ഏറ്റവും ഫലപ്രദമായ മുൻകരുതലാണ്. തോട്ടത്തിനുചുറ്റും ചപ്പുചവറുകളും കുറ്റിച്ചെടികളുമെല്ലാം നീക്കി മൂന്നു മുതൽ അഞ്ചു വരെ മീറ്റർ വീതിയിൽ വൃത്തിയാക്കിയിടണം. കുറ്റിച്ചെടികളും മറ്റും ഇരുവശത്തുനിന്നും ചെത്തിക്കൂട്ടി 'ഫയർബ്രേക്കി'നു നടുവിൽ കൂട്ടിയിട്ട് തീയിട്ടു നശിപ്പിക്കണം. പുറമേ നിന്നുള്ള തീ തോട്ടത്തിലേക്ക് കടക്കാതിരിക്കാൻ ഈ 'ഫയർ ബ്രേക്ക്' സഹായിക്കും. ഇവിടെ വീഴുന്ന ഉണങ്ങിയ ഇലകളും ചവറുകളുമൊക്കെ ഇടയ്ക്കിടയ്ക്ക് നീക്കിക്കൊടുത്ത് വേനൽകാലം കഴിയുന്നതുവരെ 'ഫയർ ബ്രേക്ക്' വൃത്തിയാക്കിയിടുന്നത് പെട്ടെന്ന് തീ പിടുത്തമുണ്ടായാലും തീ തോട്ടത്തിലേക്ക് വ്യാപിക്കാതിരിക്കാൻ സഹായിക്കും

തോട്ടത്തിൽ കൂടിയുള്ള റോഡുകളുടെയും നടപ്പാതകളുടെയും ഇരുവശങ്ങളും ഇതേ രീതിയിൽ വൃത്തിയാക്കിയിടണം. വലിയ തോട്ടങ്ങളാണെങ്കിൽ അതിരുകൾ വൃത്തിയാക്കുന്നതോടൊപ്പം തോട്ടം പല ബ്ലോക്കുകളായി തിരിച്ച് ഇടയ്ക്കിടെ 'ഫയർബ്രേക്ക്' ഉണ്ടാക്കുന്നത് ഏറെ പ്രയോജനകരമാണ്. ഏതെങ്കിലും കാരണവശാൽ തോട്ടത്തിൽതന്നെ തീയുണ്ടായാൽ അത് മറ്റു ഭാഗങ്ങളിലേക്കു പടർന്ന് നാശമുണ്ടാകാതിരിക്കാൻ ഇതു ഉപകരിക്കും.

### ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ

ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ തണലുള്ളതിനാൽ വേനലിന്റെ കാഠിന്യം തൈമരങ്ങളെ അപേക്ഷിച്ച് ടാപ്പുചെയ്യുന്ന മരങ്ങളെ ബാധിക്കുന്നത് താരതമ്യേന കുറവായിരിക്കും. ആദായകരമെങ്കിൽ വേനൽകാലത്തും ടാപ്പിങ് തുടരാം. വേനൽകാലത്ത് അതിരാവിലെ ടാപ്പുചെയ്യുന്നത് ആണ് കൂടുതൽ ഉത്പാദനം ലഭിക്കാൻ അഭികാമ്യം.

ശാസ്ത്രീയമായ രീതിയിൽ ഇടവേളകൂടിയ ടാപ്പിങ് രീതികൾ അനുവർത്തിക്കുന്ന തോട്ടങ്ങളിൽ മരങ്ങൾക്ക് വേനൽകാലവിശ്രമം നൽകേണ്ടതില്ല. ഇലകൊഴിച്ചിൽ മൂലമോ മറ്റോ ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുണ്ടെങ്കിൽ മരങ്ങൾക്ക് വിശ്രമം നൽകാവുന്നതാണ്.

ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ വർഷകാലാരംഭത്തിന് മുൻപ് നീർക്കുഴികൾ തീർക്കുന്നതും റബ്ബറിന്റെ നിരപ്പുതട്ടുകളുടെ ഇടയിൽ കളനിയന്ത്രണം ഒഴിവാക്കുന്നതും *മ്യൂക്കുണ* പോലുള്ള ആവരണവിളകൾ നിലനിർത്തുന്നതും മണ്ണിൽ കൂടുതൽ ഈർപ്പം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം നടത്തിയ പഠനങ്ങളിൽ ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ നിരപ്പുതട്ടുകളുടെ ഇടയിൽ വളരുന്ന കളകൾ റബ്ബറിന്റെ ഉത്പാദനത്തെ ബാധിക്കുന്നില്ല എന്നാണ് കണ്ടിട്ടുള്ളത്. തന്നെയുമല്ല, കൃഷിച്ചെലവ് കുറയ്ക്കുന്നതിനും മണ്ണിലെ കാർബൺ വർദ്ധിപ്പിച്ച് മണ്ണിന്റെ ഉത്പാദനക്ഷമതയിൽ മാറ്റം വരുത്തി ദീർഘകാലത്തിനുശേഷം കൂടുതൽ വിളവ് ലഭ്യമാകുന്നതിന് ഇവ സഹായകമാകുകയും ചെയ്യും. ഇങ്ങനെ നിയന്ത്രിതമായ കളനിയന്ത്രണം നടപ്പാക്കുമ്പോൾ നിരപ്പുതട്ടുകളിലെ കളകൾ നിയന്ത്രിച്ച് റബ്ബർമരങ്ങൾ ടാപ്പുചെയ്യുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തണം.

തുലാവർഷം കഴിഞ്ഞ് ആഴ്ചകൾക്കുള്ളിൽ തന്നെ വേനൽ അതിതീവ്രമാകുന്ന രീതിയാണ് ഇപ്പോൾ കേരളത്തിലുള്ളത്. അതിനാൽ റബ്ബർതോട്ടങ്ങളിൽ വരൾച്ചയെ അതിജീവിക്കാൻ സഹായിക്കുന്ന എല്ലാവിധ പരിചരണമുറകളും സംരക്ഷണനടപടികളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു കൃഷിരീതി അവലംബിക്കേണ്ടത് സുസ്ഥിരമായ റബ്ബർകൃഷിക്ക് അനിവാര്യമാണ്. •









റെജു എം.ജെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

ഡോ. റ്റി. മീനാകുമാരി
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

ഡോ. എം.ബി. മൊഹമ്മദ് സാദിഖ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

## വടക്കുകിഴക്കൻ മേഖലയ്ക്ക് ഉത്പാദനശേഷി കൂടിയ

# തദ്ദേശീയ റബ്ബറിനങ്ങൾ

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത റബ്ബറിനങ്ങളെ ആണ് തദ്ദേശീയ റബ്ബറിനങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇറക്കുമതി ചെയ്യപ്പെട്ട വൈദേശിക റബ്ബറിനങ്ങൾ ഗവേഷണങ്ങൾക്കായി കാർഷികമേഖലയിൽ കാലാകാലങ്ങളായി ഉപയോഗത്തിൽ ഉണ്ടെങ്കിലും രാജ്യത്തെ കാലാവസ്ഥയോടു ചേർന്ന് ഉയർന്ന ഉത്പാദനക്ഷമതയും വളർച്ചയും മറ്റ് അനുകൂല സ്വഭാവ സവിശേഷതകളും ഉള്ള ഇനങ്ങൾ മാത്രമാണ് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വ്യാപകമായ കൃഷിക്ക് ശുപാർശ ചെയ്യുന്നത്. ഇപ്രകാരം ശുപാർശ ചെയ്യപ്പെടുന്ന ഇനങ്ങൾ ഒന്നാം വിഭാഗത്തിലെ ഇനങ്ങൾ എന്നാണ് അറിയപ്പെടുന്നത് (category I clones). ഇന്ത്യയിലെ പരമ്പരാഗത മേഖലയിൽ നിന്നും വ്യത്യസ്തമായ കാലാവസ്ഥ യുള്ള വടക്കുകിഴക്കൻ മേഖലയ്ക്ക് അവിടുത്തെ കാലാവസ്ഥക്കനുയോജ്യമായ റബ്ബറിനങ്ങൾ പ്രത്യേകമായി ശുപാർശ ചെയ്തിട്ടുണ്ട്.

നിലവിൽ വടക്കുകിഴക്കൻ മേഖലയ്ക്ക് മൂന്ന് ഇനങ്ങളാണ് ഒന്നാം വിഭാഗത്തിൽ ഉണ്ടായിരുന്നത്. 1962-ൽ മലേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്ത് വ്യാപകമായി കൃഷി ചെയ്യപ്പെട്ടുവന്നിരുന്ന ആർആർഐഎം 600, 1956-ൽ പരാഗണപ്രക്രിയയിലൂടെ (hand pollination) തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആർആർഐഐ 208, 1982-ൽ അതുപോലെതന്നെ വികസിപ്പിച്ചെടുത്ത ആർആർഐഐ 429 എന്നിവയാണ് ഈ മൂന്ന് ഇനങ്ങൾ. ഇവയിൽ ആർആർഐഐ 208 2016 മുതലും ആർആർഐഐ 429 2020 മുതലും അവിടുത്തെ ശുപാർശയിൽ ഉൾപെടുത്തിയിരിക്കുന്നു. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഈ ഇനങ്ങൾ ആർആർഐഎം 600-നേക്കാൾ ഉത്പാദനക്ഷമതയും



*വടക്കുകിഴക്കൻ മേഖലയ്ക്കായി ശുപാർശ ചെയ്തിരിക്കുന്ന ആർആർഐഐ 417 എന്ന ഇനത്തിന്റെ തൈ കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസേർച്ചിന്റെ (സി.എസ്.ഐ.ആർ.) ഡയറക്ടർ ജനറലും ഡിപ്പാർട്ടുമെന്റ് ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ച് (ഡി.എസ്.ഐ.ആർ.) സെക്രട്ടറിയുമായ ഡോ. എൻ. കലൈശെൽവി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജുവിന് കൈമാറുന്നു. ഡോ. മൊഹമ്മദ് സാദിഖ് (ശാസ്ത്രജ്ഞൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ഡോ. എം.ഡി. ജെസ്സി (ഡയറക്ടർ റിസേർച്ച് ഇൻ-ചാർജ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്) എന്നിവർ സമീപം (ഇടത്തുനിന്ന്).*

രോഗപ്രതിരോധശേഷിയും ഉള്ളവയാണ്. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആർആർഐഐ 417 എന്ന ഒരു ഇനംകൂടി റബ്ബർബോർഡ് ഈ വർഷം നവംബർ മുതൽ വടക്കുകിഴക്കൻ മേഖലയ്ക്കായി ഒന്നാം വിഭാഗത്തിൽ ഉൾപ്പെടുത്തി വ്യാപകമായ കൃഷിക്കായി ശുപാർശ ചെയ്തിരിക്കുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ മേഖലകളിൽ 25 വർഷത്തിലേറെ നടത്തിയ പഠനങ്ങൾക്ക് ശേഷമാണ് ഈ ശുപാർശ.

വടക്കുകിഴക്കൻമേഖലയിലെ കാലാവസ്ഥയിൽ റബ്ബർമരങ്ങളുടെ അപക്വകാലം ദീർഘിക്കുന്നു എന്നുള്ളത് ഒരു പോരായ്മ ആണ്. പരമ്പരാഗതമേഖലയിൽ ഏഴ് വർഷത്തിൽ റബ്ബർമരങ്ങൾ അപക്വകാലം പിന്നിടുമ്പോൾ വടക്കുകിഴക്കൻമേഖലയിൽ ഒൻപത്-പത്ത് വർഷങ്ങളോളം അപക്വകാലം നീളുന്നു. ഈ പോരായ്മ പരിഹരിച്ചുകൊണ്ട് പരമ്പരാഗതമേഖലയ്ക്കൊപ്പം ഏഴാം വർഷത്തിൽ തന്നെ വടക്കുകിഴക്കൻ മേഖലയിലും അപക്വകാലം പിന്നിടുന്ന ഊർജ്ജസ്വലതയുള്ള ഇനങ്ങളാണ് ആർആർഐഐ 429, ആർആർഐഐ 417 എന്നീ ഇനങ്ങൾ.

ഒരു റബ്ബർതോട്ടത്തിൽ ടാപ്പിങ്ങിന് തയ്യാറെടുക്കുമ്പോൾ എഴുപതു ശതമാനം മരങ്ങളും ടാപ്പിങ്ങിനാവശ്യമായ നിശ്ചിത വണ്ണം എത്തിയിരിക്കണം. ഇങ്ങനെ ഏഴാം വർഷത്തിൽ തന്നെ എഴുപത് ശതാമാനം മരങ്ങളും ടാപ്പിങ്ങിന് പാകമാകുന്നത് ഏതൊരു കർഷകനും ആകാംക്ഷയോടെ കാത്തിരിക്കുന്ന കാര്യമാണ്. വടക്കുകിഴക്കൻ മേഖലയിലെ കർഷകരുടെ ഈ ഉത്കണ്ഠയ്ക്കുള്ള ഒരു ശാശ്വത പരിഹാരമാണ് ആർആർഐഐ 429, ആർആർഐഐ 417 എന്നീ ഇനങ്ങൾ. വടക്കുകിഴക്കൻമേഖലയിൽ ഈ ഇനങ്ങളുടെ 85-90 ശതമാനം മരങ്ങളും ഏഴാം വർഷത്തിൽ പക്വത എത്തുമ്പോൾ ആർആർഐഎം 600-ന്റെ 50 ശതമാനം മരങ്ങൾ മാത്രമാണ് അത്തരത്തിൽ പക്വത കൈവരിക്കുന്നത് (പട്ടിക 1). പട്ടക്കനവും പാൽക്കുഴലുകളുടെ എണ്ണവും ആർആർഐഎം 600-നെ

**പട്ടിക 1: വിവിധ ഇനങ്ങളുടെ ശരാശരി വളർച്ച സംബന്ധിച്ച വിവരങ്ങൾ**

| ഇനം | ശുപാർശയിൽ വന്ന വർഷം | ഏഴാം വർഷത്തിൽ ഉള്ള വണ്ണം (സെ.മീ.) | വണ്ണമെത്തിയ മരങ്ങളുടെ ശതമാനം | ലഭ്യമാകുന്ന തടി (ക്യൂബിക് മീറ്റർ) |
|---|---|---|---|---|
| ആർആർ ഐഐ 417 | 2024 | 52 | 86 | 0.16 |
| ആർആർ ഐഐ 429 | 2020 | 55 | 90 | 0.14 |
| ആർആർ ഐഐ 208 | 2016 | 45 | 67 | 0.12 |
| ആർആർ ഐഎം 600 | 1991 | 47 | 49 | 0.09 |

**പട്ടിക 2: വിവിധ ഇനങ്ങളുടെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ**

| ഇനം | ശരാശരി ഉത്പാദനം | | | റബർപാലിലെ റബ്ബറിന്റെ ശരാശരി അളവ് (ഉണക്കത്തൂക്കം ശതമാനത്തിൽ) |
|---|---|---|---|---|
| | മരംപ്രതി ഒരു ടാപ്പിങ്ങിൽ (ഗ്രാം) | മരംപ്രതി ഒരു വർഷത്തിൽ (കിലോഗ്രാം) | ഒരു വർഷത്തിൽ ഹെക്ടർ പ്രതി (കിലോഗ്രാം) | |
| ആർആർ ഐഐ 417 | 49.5 | 5.2 | 2080 | 34 |
| ആർആർ ഐഐ 429 | 52.7 | 5.5 | 2200 | 33 |
| ആർആർ ഐഐ 208 | 45.6 | 4.7 | 1880 | 31 |
| ആർആർ ഐഎം 600 | 40.8 | 4.2 | 1680 | 31 |

അപേക്ഷിച്ച് ആർആർഐഐ 417നും ആർആർഐഐ 429-നും കൂടുതൽ ആണ്.

ഊർജ്ജസ്വലതയോടെയുള്ള വളർച്ച മാത്രമല്ല, റബ്ബറുത്പാദനത്തിൽ ആർആർഐഎം 600-നെ അപേക്ഷിച്ച് 20 മുതൽ 30 വരെ ശതമാനം വാർഷിക ഉത്പാദന വർദ്ധന ഉള്ള ഇനങ്ങളാണ് ഇവ. അതായത് ആർആർഐഎം 600-നെ അപേക്ഷിച്ച് ഹെക്ടർ പ്രതി 400-500 കിലോഗ്രാം വരെ ഉയർന്ന വാർഷിക ഉത്പാദനം തരാൻ കഴിയുന്ന ഈ ഇനങ്ങൾ മരമൊന്നിന് 5.2-5.5 കിലോഗ്രാം വരെ ഉത്പാദനം നൽകുന്നു (പട്ടിക 2).

കൂടാതെ റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശവും ഏറ്റവും കൂടുതൽ ഉള്ളത് ആർആർഐഎം 417-ലാണ്. ഉത്പാദനകാലം തുടങ്ങുന്നതുമുതൽ സ്ഥിരമായ ഉയർന്ന ഉത്പാദനം വർഷാവർഷം നൽകുന്ന ഇനങ്ങളാണ് ആർആർഐഐ 417, ആർആർഐഐ 429 എന്നിവ (ചിത്രം 1,2).




*ചിത്രം 1. ദീർഘകാല വാർഷികോത്പാദനം മരംപ്രതി ഒരു ടാപ്പിങ്ങിൽ (ഗ്രാം)*




*ചിത്രം 2. മാസംതോറുമുള്ള ശരാശരി ഉത്പാദനം മരംപ്രതി ഒരു ടാപ്പിങ്ങിൽ (ഗ്രാം)*

തോട്ടത്തിൽ നിന്നും ലഭ്യമാകുന്ന തടിയുടെ അളവ് ഏറ്റവും കൂടുതൽ ഉള്ളത് ആർആർഐഐ 417-നും തുടർന്ന് ആർആർഐഐ 429-നും ആണ്. അതുപോലെ മരത്തിന്റെ വളർച്ചയുടെ ഭാഗമായി തടിയിൽ ശേഖരിക്കപ്പെടുന്ന ജൈവവസ്തുക്കൾ (biomass production), ആർആർഐഐ 417, ആർആർഐഐ 429 എന്നീ ഇനങ്ങൾക്ക് ആർആർഐഎം 600-നേക്കാൾ കൂടുതലാണ്. ആയതിനാൽ കാലാവസ്ഥാ വ്യതിയാനത്തിൽ അന്തരീക്ഷത്തിൽ കൂടുതലായി ഉണ്ടാക്കപ്പെടുന്ന അജൈവ കാർബൺ ആയ കാർബൺ ഡയോക്സൈഡിനെ ജൈവസംയുക്തമാക്കി മാറ്റുന്നതിനുള്ള കഴിവ് ഈ ഇനങ്ങൾക്ക് ആർആർഐഎം 600-നെ അപേക്ഷിച്ച് കൂടുതലാണ്.



*ആർആർഐഐ 417*

വടക്കുകിഴക്കൻ മേഖലയ്ക്കായി ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന ഈ ഇനങ്ങളുടെ വ്യാപകമായ കൃഷിക്ക് ആവശ്യമായ ഒട്ടുകമ്പുതൈകൾ വടക്കുകിഴക്കൻ മേഖലയിലെ റബ്ബർനഴ്സറികളിൽ തന്നെ ലഭ്യമാക്കുന്നതാണ്. അതുപോലെതന്നെ പരമ്പരാഗതമേഖലയിൽ നിന്നും വടക്കുകിഴക്കൻ മേഖലയിലേക്ക് കയറ്റിയയ്ക്കുന്ന റബ്ബർതൈകൾ റബ്ബർബോർഡ് വടക്കുകിഴക്കൻ മേഖലയ്ക്കായി ശുപാർശ ചെയ്തിരിക്കുന്ന ഒന്നാം വിഭാഗത്തിലെ ഇനങ്ങൾ മാത്രമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. പ്രകൃതിദത്തറബ്ബറിന്റെ ഉപഭോഗവും ഉത്പാദനവും തമ്മിലുള്ള അന്തരം കൂടുകയും റബ്ബർ ഇറക്കുമതി വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ദേശീയ റബ്ബറുത്പാദനത്തിൽ വലിയ വർദ്ധന അത്യാവശ്യമാണ്. റബ്ബർകൃഷിയുടെ വിസ്തൃതി കൂട്ടുന്നതുകൊണ്ടുമാത്രം ഈ വർദ്ധന സാധ്യമാകുന്നില്ല. അതതു പ്രദേശത്തേക്ക് ശുപാർശ ചെയ്തിരിക്കുന്ന ഇനങ്ങൾ മാത്രം കൃഷിചെയ്യുന്നു എന്ന് കർഷകർ ഉറപ്പുവരുത്തേണ്ടതാണ്.

തദ്ദേശീയമായി വികസിപ്പിച്ചെടുത്തിരിക്കുന്ന ആർആർഐഐ 400 പരമ്പരയിൽപെട്ട ആർആർഐഐ 429, ആർആർഐഐ 417 എന്നീ രണ്ട് ഇനങ്ങളും ആർആർഐഎം 600-നേക്കാൾ വളർച്ചയും രോഗപ്രതിരോധശേഷിയും ഉത്പാദനവും കൂടുതലുള്ളതും കാറ്റുപിടുത്തം കുറവുള്ളതും കൂടുതൽ തടി നൽകുന്നതും ആയ ഇനങ്ങൾ ആണ്. ഇങ്ങനെ കാലാവസ്ഥാവ്യതിയാനത്തെ തരണം ചെയ്യുന്നതിന് കർഷകർക്ക് പ്രയോജനപ്പെടുന്ന റബ്ബറിനങ്ങൾ മുൻഗണനാക്രമത്തിൽ വടക്കുകിഴക്കൻമേഖലയിലെ കർഷകരിൽ പ്രചാരം നേടേണ്ടിയിരിക്കുന്നു. ഇന്ന് രാജ്യത്തെ റബ്ബറുത്പാദനത്തിന്റെ 30 ശതമാനത്തോളം വടക്കുകിഴക്കൻ മേഖലയിൽ നിന്നാണ്. പുതുക്കൃഷിയിലും, ആവർത്തനക്കൃഷിയിലും ആർആർഐഐ 429, ആർആർഐഐ 417 എന്നിവ ഉൾപ്പെടുത്തുക വഴി ദേശീയ റബ്ബറുത്പാദനം ഗണ്യമായി വർധിപ്പിക്കുന്നതിന് ഈ മേഖലയ്ക്ക് സാധിക്കും. •

# റബ്ബർബോർഡിൽ ദേശീയ ലൈബ്രറി വാരാചരണം നടത്തി




എം. വസന്തഗേശൻ ഐ.ആർ.എസ്. ലൈബ്രറി വാരാചരണം ഉദ്ഘാടനം ചെയ്യുന്നു.

റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലൈബ്രറി ആന്റ് ഡോക്യുമെന്റേഷൻ സെന്റർ 2024 നവംബർ 18 മുതൽ 20 വരെ ദേശീയ ലൈബ്രറി വാരം ആചരിച്ചു. ഈ ദിവസങ്ങളിൽ ലൈബ്രറി പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ആണ് ലൈബ്രറി വാരാചരണപരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചത്.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ 1963-ൽ തുടങ്ങിയ ലൈബ്രറിയിൽ വിദ്യാഭ്യാസ, ശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ; ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ മുൻകാലങ്ങളിലെ ലക്കങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ, മത്സരപരീക്ഷകൾക്ക് ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ തുടങ്ങി വിപുലമായ പുസ്തകശേഖരമാണുള്ളത്. ദേശീയ ലൈബ്രറി വാരാഘോഷത്തിന്റെ ഭാഗമായി പുസ്തക പ്രകാശനം, ഡി.സി. ബുക്സ് നടത്തിയ പുസ്തകമേള, റബ്ബർഗവേഷണകേന്ദ്രത്തിലെ ലൈബ്രറിയെക്കുറിച്ചുള്ള വീഡിയോപ്രദർശനം, വിവിധ റബ്ബറുത്പന്നങ്ങളുടെയും ലൈബ്രറിയിലെ അപൂർവ്വശേഖരങ്ങളുടെയും പ്രദർശനം എന്നിവ ഉണ്ടായിരുന്നു. കൂടാതെ, റബ്ബർബോർഡിലെ ഉദ്യോഗസ്ഥർക്കും ഗവേഷണ വിദ്യാർഥികൾക്കുമായി പ്രശ്നോത്തരി മത്സരങ്ങളും സംഘടിപ്പിച്ചു.



എം. വസന്തഗേശൻ ഐ.ആർ.എസ്. പുസ്തക ഷെൽഫും പുസ്തകങ്ങളും ബെന്നി മാത്യുവിന് കൈമാറുന്നു.

ദേശീയ ലൈബ്രറി വാരാഘോഷത്തിന്റെ ഭാഗമായി മച്ചുകാട് സി.എം.എസ്. എൽ.പി. സ്കൂളിലെ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകി. പുസ്തകഷെൽഫും ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ജീവനക്കാർ സമാഹരിച്ച ഇരുനൂറിലധികം പുസ്തകങ്ങളും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., സ്കൂൾ ഹെഡ്മാസ്റ്റർ ബെന്നി മാത്യുവിന് കൈമാറി. കോട്ടയത്തെ കേന്ദ്രീയ വിദ്യാലയത്തിലെ പ്രിൻസിപ്പൽ എൻ.വി. ജ്യോതിമോഹൻ, റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഇൻ ചാർജ് ഡോ. എം.ഡി. ജെസ്സി, ഡോക്യുമെന്റേഷൻ ഓഫീസർ എൻ. ലത, സീനിയർ ലൈബ്രേറിയൻ അജിത എ.എസ്., ലൈബ്രേറിയൻ വി.ആർ. സുജാത, സ്കൂൾ പി.ടി.എ. പ്രസിഡന്റ് രാഖിമോൾ എന്നിവർ സന്നിഹിതരായിരുന്നു. വാരാഘോഷത്തിന്റെ സമാപനയോഗത്തിൽ എഴുത്തുകാരനും ഉപഹാസകനുമായ വി.എസ്. അജിത്ത് മുഖ്യാതിഥിയായിരുന്നു. •







ഡോ. സി. നാരായണൻ
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

ഡോ. ജെസ്സി എം.ഡി.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന് റിസേർച്ച് ഗ്രാന്റ്

സസ്യ ഇനങ്ങൾ സംരക്ഷിക്കുന്നതിനും കർഷകരുടെയും സസ്യ ബ്രീഡർമാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ ഇനം സസ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 2001-ൽ ഇന്ത്യാ ഗവൺമെന്റ് 'പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് ആക്റ്റ്' നടപ്പാക്കിയിരുന്നു. പുതിയ സസ്യ ഇനങ്ങളുടെ വികസനത്തിനായി സസ്യ ജനിതകവിഭവങ്ങൾ സംരക്ഷിക്കുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും ലഭ്യമാക്കുന്നതിനും കർഷകരുടെ സംഭാവനകളുണ്ട്. ഇത്തരം കാര്യങ്ങളിൽ അവരുടെ അവകാശങ്ങൾ തിരിച്ചറിയാനും സംരക്ഷിക്കാനും ഈ നിയമം പ്രത്യേകം ലക്ഷ്യമിടുന്നു. അത്തരം സംരക്ഷണം രാജ്യത്തെ കാർഷികവികസനം ത്വരിതപ്പെടുത്താനും അതുകൂടാതെ കർഷകർക്ക് ഉയർന്ന നിലവാരമുള്ള വിത്തുകളുടെയും നടീൽവസ്തുക്കളുടെയും ലഭ്യത ഉറപ്പാക്കാനും സഹായിക്കുന്നു. പ്രസ്തുത നിയമം നടപ്പാക്കുന്നതിനുവേണ്ട 'പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി' (പി.പി.വി. & എഫ്.ആർ.എ.) ഡെൽഹിയിലാണ് പ്രവർത്തിക്കുന്നത്.

കർഷകരുടെ അവകാശങ്ങളും ബ്രീഡർമാരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനായി ഇതിനകം തന്നെ പി.പി.വി. & എഫ്.ആർ.എ. പ്രധാനപ്പെട്ട കാർഷികവിളകളായ സുഗന്ധവ്യഞ്ജനങ്ങൾ, നെല്ല്, പരുത്തി,

# ധാർമികതയും ഉത്തരവാദിത്വബോധവും ചെറുപ്പം മുതൽ വളർത്തിയെടുക്കണം - എ.എസ്. രാജീവ്

ധാർമ്മികതയോടെ തീരുമാനങ്ങൾ എടുക്കുന്നതിനും ഉത്തരവാദിത്വബോധത്തിന് അടിത്തറയിടുന്നതിനും ചെറുപ്പകാലം മുതൽ അത്തരത്തിലുള്ള സംസ്ക്കാരം വളർത്തിയെടുക്കണമെന്ന് വിജിലൻസ് കമ്മീഷണർ എ.എസ്. രാജീവ് പറഞ്ഞു. കോട്ടയത്ത് റബ്ബർബോർഡിലെ വിജിലൻസ് വാരാഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫലപ്രദമായ ഒരു പ്രതിരോധ വിജിലൻസ് സംവിധാനം നിലവിൽ വന്നാൽ, ശിക്ഷ നടപ്പാക്കേണ്ടിവരുന്ന വിജിലൻസ് സംവിധാനത്തിന്റെ ആവശ്യകത വളരെ കുറവായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോട്ടയം സ്വദേശിയായ രാജീവ് 2024 മാർച്ച് മുതൽ വിജിലൻസ് കമ്മീഷണറായി ചുമതല വഹിച്ചുവരുന്നു.




*റബ്ബർബോർഡിലെ വിജിലൻസ് വാരാചരണത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് വിജിലൻസ് കമ്മീഷണർ - എ. എസ്. രാജീവ് സംസാരിക്കുന്നു.*

റബ്ബർബോർഡിന്റെ പ്രധാന പ്രതിരോധ വിജിലൻസ് സംവിധാനങ്ങളിലൊന്നാണ് വിജിലൻസ് ബോധവത്ക്കരണ വാരാചരണം എന്നും അഴിമതിക്കെതിരായ പോരാട്ടത്തിൽ സജീവമായി പങ്കെടുക്കാനും അഴിമതി ഉയർത്തുന്ന ഭീഷണികളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്താനും വിജിലൻസ് വാരാചരണം സഹായകമാകുമെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പറഞ്ഞു. അസിസ്റ്റന്റ് വിജിലൻസ് ഓഫീസർ പി. ശ്രീവിദ്യ നന്ദി പറഞ്ഞു.

വാരാചരണത്തിന്റെ ഭാഗമായി കോട്ടയത്തെ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കായും ബോർഡിലെ ജീവനക്കാർക്കായും നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് യോഗത്തിൽവെച്ച് സമ്മാനം വിതരണം ചെയ്തു. പ്രഭാഷണമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ നാട്ടകം ഗവൺമെന്റ് കോളജ് വിദ്യാർത്ഥി അഭിലാഷ് തന്റെ പ്രസംഗത്തിന്റെ പുനരവതരണം നടത്തി. കോട്ടയം സി.എം.എസ്. കോളജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ളാഷ് മോബും പരിപാടിയുടെ ഭാഗമായി ഉണ്ടായിരുന്നു. •

മഞ്ഞൾ എന്നിവയെ സംബന്ധിച്ച മാർഗരേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സസ്യ-ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി ദീർഘകാലമായി പ്രവർത്തിക്കുന്ന കർഷകരിൽ നിന്നും കർഷകസംഘടനകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് പി.പി.വി. & എഫ്.ആർ.എ. വർഷം തോറും 'പ്ലാന്റ് ജീനോം സേവിയർ കമ്മ്യൂണിറ്റി അവാർഡ്' (Plant Genome Saviour Community Award) നൽകുന്നുണ്ട്.

റബ്ബറിന്റെ പുതിയ ഇനങ്ങളുടെ രജിസ്ട്രേഷനു വേണ്ടി 'DUS' (Distinctness, Uniformity & Stability) ടെസ്റ്റിങ് മാനദണ്ഡങ്ങളിൽ പരീക്ഷണം നടത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപവത്കരിക്കുന്നതിന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന് പി.പി.വി. & എഫ്.ആർ.എ. അടുത്തിടെ റിസേർച്ച് ഗ്രാന്റ് അനുവദിച്ചു. പ്രസ്തുത പഠനങ്ങളുടെ വെളിച്ചത്തിൽ, റബ്ബറിനങ്ങൾക്കായുള്ള 'DUS' ടെസ്റ്റിങ് മാർഗനിർദ്ദേശങ്ങൾ ഇന്ത്യാ ഗവൺമെന്റ് ഗസറ്റിൽ പ്രഖ്യാപിക്കും. ഇതിനായി ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം ന്യൂഡെൽഹിയിലെ പി.പി.വി. & എഫ്.ആർ.എ.-യുമായി കരാർ ഒപ്പിട്ടു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രമായിരിക്കും രാജ്യത്തെ റബ്ബറിനങ്ങളുടെ 'DUS' പരിശോധനയ്ക്കുള്ള നോഡൽ കേന്ദ്രം. റബ്ബറിനായുള്ള 'DUS' മാർഗ്ഗനിർദ്ദേശങ്ങളുടെ വിജ്ഞാപനത്തിന് ശേഷം, വിജ്ഞാപനം ചെയ്ത മാനദണ്ഡങ്ങൾ അനുസരിച്ച് 'DUS' പരിശോധന കഴിഞ്ഞ് റബ്ബറിന്റെ പുതിയ ഇനങ്ങൾ ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രം പി.പി.വി. & എഫ്.ആർ.എ. വഴി രജിസ്റ്റർ ചെയ്യും. •



അനിൽകുമാർ വി.
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# ടാപ്പിങ്ങിൽ ഒരു 'ന്യൂ ജെൻ' കാൽവെയ്പ്പ്

ഇന്ത്യയിൽ റബ്ബർകൃഷി തുടങ്ങി ഒരു നൂറ്റാണ്ട് കഴിയുമ്പോഴും പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തരമായ ആവശ്യം നിറവേറ്റാൻതക്ക ഉത്പാദനം നമുക്ക് കൈവരിക്കാൻ പറ്റുന്നില്ല. റബ്ബർകൃഷിയിലും ഉത്പാദനക്ഷമതയിലും വലിയൊരു മുന്നേറ്റം നമുക്ക് നേടാൻ കഴിഞ്ഞെങ്കിലും ഇപ്പോഴും പല തോട്ടങ്ങളിലും വിളവെടുക്കാനുള്ള ടാപ്പർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. പുതുക്കൃഷിയും ആവർത്തനക്കൃഷിയും പൊതുവെ കുറവാണെന്നു മാത്രമല്ല, തോട്ടങ്ങളിലെ ടാപ്പിങ്ങിന് പാകമായ മരങ്ങളിൽ നിന്ന് ആദായമെടുക്കാനുള്ള സാഹചര്യങ്ങളും കുറഞ്ഞുവരികയാണ്. പുതുതലമുറ പരമ്പരാഗത കൃഷിയിലേക്കോ കാർഷികമേഖലയിലേക്കോ ശ്രദ്ധ ചെലുത്താതിരിക്കുന്നതും ഇന്നത്തെ പ്രതിസന്ധിക്ക് കാരണമാണ്. ടാപ്പിങ്തൊഴിൽ മേഖലയെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും റബ്ബർകൃഷി നിലനിർത്തിക്കൊണ്ടുപോകുന്നതിനും വേണ്ടി കോട്ടയം രൂപതയിലെ ബിഷപ്പിന്റെ നേതൃത്വത്തിൽ റബ്ബർബോർഡുമായി സഹകരിച്ച് ഒരു ശ്രമം നടത്തുകയുണ്ടായി. നാലു വർഷം നീണ്ടുനിൽക്കുന്ന കേന്ദ്രാവിഷ്കൃത ഡിഗ്രി കോഴ്സിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിവിധ തൊഴിൽമേഖലകളിൽ വൈദഗ്ധ്യം നേടുന്നതിനുകൂടിയാണ് ഈ പദ്ധതി നടപ്പാക്കിയത്.

റബ്ബർബോർഡിന്റെ കാഞ്ഞങ്ങാട് റീജിയണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന രാജപുരത്തുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനമായ സെയ്ന്റ് പയസ് ടെൻത് കോളജിലെ ഡിഗ്രി വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു



ഹ്രസ്വകാല ടാപ്പിങ്പരിശീലനപരിപാടി സംഘടിപ്പിക്കുകയുണ്ടായി. കോട്ടയം രൂപതയുടെ കീഴിൽ സാമൂഹിക സേവനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സഹകരണത്തോടെ, കോളജ് മാനേജ്മെന്റിന്റെ അധീനതയിലുള്ള, 1997-ൽ കൃഷി ചെയ്ത തോട്ടത്തിലാണ് എട്ടുദിവസം നീണ്ടുനിന്ന പരിശീലനപരിപാടി നടത്തിയത്. പരിശീലനം തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഈ പദ്ധതിയെപ്പറ്റി ലൈഫ് സയൻസ് വിഭാഗവുമായി ആലോചിച്ച് കുട്ടികളുടെ അടുത്ത് അവതരിപ്പിച്ചപ്പോൾ തന്നെ വളരെ അനുകൂലമായ ഒരു പ്രതികരണമാണ് ലഭിച്ചത്. റബ്ബർ ബോർഡിന്റെ പദ്ധതി പ്രകാരം 15 പേർക്കാണ് ഹ്രസ്വകാലപരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നത്. പക്ഷേ, 50-ൽ പരം വിദ്യാർഥികളും അദ്ധ്യാപകരും അനദ്ധ്യാപകരും പരിശീലനപരിപാടിയിലേക്ക് അപേക്ഷ നൽകുകയുണ്ടായി. വരുംമാസങ്ങളിൽ പരിഗണിക്കാം എന്ന നിലയിൽ 20 പേരുടെ ആദ്യ ബാച്ച് ഒക്ടോബർ മാസത്തിൽ ആരംഭിക്കുകയും വളരെ നല്ല രീതിയിൽ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. കോട്ടയം രൂപതയിലെ സഹായമെത്രാനും കോളജ് മാനേജരുമായ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിയുടെ പ്രത്യേക താൽപര്യമാണ് ടാപ്പിങ്പരിശീലനപരിപാടിക്ക് പ്രചോദനമായത്. പരിശീലനപരിപാടിയുടെ ഉദ്ഘാടനവുമായി





ബന്ധപ്പെട്ടു നടത്തിയ യോഗത്തിൽ റബ്ബർബോർഡിന്റെ കാഞ്ഞങ്ങാട് റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ് മോഹനൻ കെ. മുഖ്യപ്രഭാഷണം നടത്തി.

ലൈഫ് സയൻസ് ആന്റ് കംപ്യൂട്ടേഷണൽ ബയോളജി വിഭാഗത്തിലെ ഡോ. ഷിജു ജേക്കബ്ബാണ് പരിശീലനപരിപാടിയുടെ കോ-ഓർഡിനേറ്റർ ആയി പ്രവർത്തിച്ചത്. കോളജിലെ എൻ.എസ്.എസ്., എൻ.സി.സി. വിഭാഗങ്ങളുടെ സഹകരണവും പ്രസ്തുത പരിശീലനപരിപാടിക്കുണ്ടായിരുന്നു. പരിശീലനം വിജയകരമായി സംഘടിപ്പിച്ചതിൽ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടറായ ഫാദർ സിബിൻ കൂട്ടുങ്കലിന്റെയും കോളജ് പ്രിൻസിപ്പൽ ഡോ. ബിജു ജോസഫിന്റെയും പ്രോത്സാഹനം എടുത്തുപറയേണ്ടതാണ്. രാജപുരം റബ്ബറുത്പാദകസംഘമായിരുന്നു അനുബന്ധസൗകര്യങ്ങൾ ഒരുക്കിയത്.

പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് മലബാർ സർവീസ് സൊസൈറ്റി ഉപഹാരം നൽകി. കാഞ്ഞങ്ങാട് റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ അനിൽകുമാർ വി., ടാപ്പിങ് ഡെമോൺസ്ട്രേറ്റർ രാകേഷ് ടി.പി. എന്നിവർ പരിശീലനപരിപാടിക്ക് നേതൃത്വം നൽകി. •





ഉമാശങ്കർ ജി.
ഡെപ്യൂട്ടി ഡയറക്ടർ ഇൻ-ചാർജ്
(റബ്ബർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ട്രെയിനിങ്)



പി. അറുമുഖം
ഡയറക്ടർ (ട്രെയിനിങ്) ഇൻ-ചാർജ്

# ബോറിഗോണിലെ മൺപുകപ്പുര

ഷീറ്റുറബ്ബറിന്റെ ആർ.എസ്.എസ്. ഗ്രേഡുകളുടെ ഉത്പാദനത്തിന് പുകപ്പുരകൾ ആവശ്യമാണ്. ചിമ്മിനി മോഡൽ പുകപ്പുരകളാണ് സാധാരണമായി കണ്ടുവരുന്നത്. ഇപ്പോൾ ചെറുകിടകർഷകർ ലോഹഷീറ്റുകൾ കൊണ്ട് നിർമിച്ച റെഡിമെയ്ഡ് അൽമാര പുകപ്പുരകളും ഉപയോഗിക്കുന്നുണ്ട്. മുമ്പ് കർഷകർ റബ്ബർ ഷീറ്റുകൾ അടുക്കളയിലെ ചിമ്മിനിക്കുള്ളിലാണ് ഉണക്കിയിരുന്നത്. ഇപ്പോൾ വിറകടുപ്പുകൾക്ക് പകരം ഗ്യാസടുപ്പുകൾ ഉപയോഗിക്കാൻ തുടങ്ങിയതോടെ ഈ രീതി വളരെ കുറഞ്ഞിരിക്കുന്നു. വലിയ തോട്ടങ്ങളിലും സമൂഹ സംസ്കരണശാലകളിലും ഇപ്പോൾ 'ട്രോളി ലോഡഡ് ടണൽ' പുകപ്പുരകളാണ് ഉപയോഗിക്കുന്നത്. അത്തരം പുകപ്പുരകൾ ഉപയോഗിക്കുന്നതിലൂടെ സംസ്കരണത്തിനാവശ്യമായ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിനും നല്ല ഗുണമേന്മയുള്ള ഷീറ്റുകൾ ഉത്പാദിപ്പിക്കുന്നതിനും സാധിക്കുന്നു. റെഡിമെയ്ഡ് 'ഷീറ്റ് മെറ്റൽ' പുകപ്പുരകളുടെ വില അതിന്റെ ശേഷി അനുസരിച്ച് 50,000 രൂപ മുതൽ ആരംഭിക്കുന്നു. ഒരു ടൺ ശേഷിയുള്ള 'ട്രോളി ലോഡഡ് സിവിൽ മേസണറി' പുകപ്പുര നിർമിക്കുന്നതിന് ഏകദേശം 20 മുതൽ 25 വരെ ലക്ഷം രൂപ ചെലവ് വരും. വളരെ കുറഞ്ഞ ചെലവിൽ പ്രാദേശികമായി ലഭ്യമായ സാമഗ്രികൾ കൊണ്ട് നിർമിച്ച



ജോഹേഷ് ബസുമത്താരിയും പത്നിയും

ഒരു പുകപ്പുരയുടെ വിശദാംശങ്ങളാണ് ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തിവരുന്ന വിവിധ ടാപ്പിങ് പരിശീലനങ്ങളുടെ ഭാഗമായിട്ടാണ് അസമിലെ നാഗോൺ റീജിയണൽ ഓഫീസിന്റെ കീഴിലുള്ള വിശ്വനാഥ് ചെരിയാലിയിലെ ബോറിഗോൺ ഗ്രാമത്തിൽ എത്തിയത്. എട്ട് ദിവസത്തെ ടാപ്പിങ്പരിശീലനം സംഘടിപ്പിച്ചിരുന്നത് ജോഹേഷ് ബസുമത്താരിയുടെ റബ്ബർതോട്ടത്തിലാണ്. നാല് ഹെക്ടറിലായി 1700-ഓളം റബ്ബർമരങ്ങളാണ് ജോഹേഷ് കൃഷിചെയ്തിരിക്കുന്നത്. ടാപ്പുചെയ്യുന്ന 1300-ഓളം മരങ്ങൾ അദ്ദേഹത്തിനുണ്ട്. ഇതിനുമുമ്പ് പല വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിലും കണ്ട വെയിലിൽ ഉണങ്ങുന്ന ഷീറ്റുകളിൽ (air dried sheets) നിന്നും വ്യത്യസ്തമായി പുകയിലുണങ്ങിയ ഷീറ്റുകൾ കണ്ടപ്പോൾ ആശ്ചര്യം തോന്നി. ഇവിടെ പുകപ്പുര ഉണ്ടോ എന്ന ചോദ്യത്തിന് ഉത്തരമായി തൊട്ടടുത്ത് മണ്ണിൽ തീർത്ത ഒരു പെട്ടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതാണ് ഇവിടുത്തെ പുകപ്പുര എന്ന് അദേഹം പറഞ്ഞപ്പോൾ ആശ്ചര്യം ഇരട്ടിയായി.

ഏകദേശം 135 സെ.മീ. (നാലര അടി) നീളവും 105 സെ.മീ. (മൂന്നര അടി) വീതിയും 120 സെ.മീ. (നാലടി) ഉയരവുമുള്ള മണ്ണുകൊണ്ടുണ്ടാക്കിയ ഒരു പെട്ടിയാണ് ഇവിടെ പുകപ്പുരയായി ഉപയോഗിക്കുന്നത്. ജോഹേഷിന്റെ കണക്ക് പ്രകാരം ഇതിൽ 150-ഓളം ഷീറ്റുകൾ ഒരു സമയത്ത് ഉണക്കിയെടുക്കാൻ കഴിയും. സ്വന്തം ആശയങ്ങളെ സമന്വയിപ്പിച്ച് പ്രാദേശികമായി കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ചാണ് ഈ പുകപ്പുരയുടെ നിർമാണം. നിരപ്പായ മുറ്റത്ത് നാലിഞ്ച് പൊക്കത്തിൽ ഒരു തിട്ട ഉണ്ടാക്കി അതിലാണ് പുകപ്പുര നിർമിച്ചിരിക്കുന്നത്.

*'വേറിട്ട പാതകൾ' എന്ന ഈ പംക്തിയിൽ വരുന്ന ലേഖനങ്ങളിൽ പറയുന്ന കാര്യങ്ങൾ റബ്ബർ ബോർഡിന്റെ ശുപാർശ പ്രകാരമുള്ളവ ആയിരിക്കണമെന്നില്ല. വ്യത്യസ്തമായ രീതികൾ പരീക്ഷിച്ചു നോക്കിയവരുടെ അനുഭവങ്ങൾ മാത്രമാണ്.*

നാല് കോണിലും മുളകൾ കുത്തി നിർത്തി, രണ്ടോ മൂന്നോ ആയി പിളർന്ന മുളകൊണ്ട് വേലി നിർമിച്ച് പനമ്പുകൊണ്ട് മറച്ച ശേഷം മണ്ണുകുഴച്ച് തേച്ചാണ് ഭിത്തി നിർമിച്ചിരിക്കുന്നത്. ഒരു ഷീറ്റ് ഇടാവുന്ന ഉയരത്തിൽ തടിക്കഷണം കൊണ്ട് ഷീറ്റ് ഇടുന്നതിനുള്ള ആദ്യ തട്ട് നിർമിച്ചിരിക്കുന്നു. പുകപ്പുരയ്ക്ക് മുകളിൽ വെച്ചിരിക്കുന്ന ടിൻഷീറ്റ് മാറ്റിയശേഷം മുകളിൽ നിന്നാണ് ആദ്യ തട്ടിലേക്കുള്ള ബറോട്ടികൾ (റീപ്പറുകൾ) വെക്കുന്നത്. വണ്ണം കുറഞ്ഞ മുളകൾ തന്നെയാണ് ഇവിടെ ബറോട്ടിയായി ഉപയോഗിച്ചിരിക്കുന്നത്. ഒരു ബറോട്ടിയിൽ രണ്ട് റബ്ബർഷീറ്റ് ഇടാവുന്ന രീതിയിലാണ് ക്രമീകരണം. ആദ്യ തട്ട് നിറഞ്ഞശേഷം മുകളിലത്തെ തട്ടിൽ ഇതേപോലെ ബറോട്ടികൾ നിരത്തി ഷീറ്റുകൾ ഇട്ടിരിക്കുന്നു. അതിന് മുകളിലായി ചണച്ചാക്ക് നിരത്തിയ ശേഷം ടിൻഷീറ്റു കൊണ്ട് പുകപ്പുര അടയ്ക്കുന്നു. പുകപ്പുരയുടെ താഴ്ഭാഗത്ത് പകുതി അകത്തും പകുതി പുറത്തുമായി ക്രമീകരിച്ചിരിക്കുന്ന ഒരടിയോളം വ്യാസമുള്ള അടുപ്പിലൂടെയാണ് പുകപ്പുരയിലേക്ക് പുക കടത്തിവിടുന്നത്. പുറത്ത് കത്തിക്കുന്ന തീയുടെ പുക അകത്തേക്ക് പോകുന്നതിന് വേണ്ട ചൂളയുടെ ചെരിവും തീനാളങ്ങൾ



പുകപ്പുരയിൽ ഉണക്കിയെടുത്ത ഷീറ്റുറബ്ബർ

# പുസ്തകപ്രകാശനം



ഡോ. എൻ. കലൈശെൽവി പുസ്തകത്തിന്റെ ആദ്യപ്രതി എം. വസന്തഗേശൻ ഐ.ആർ.എസ്. -ന് നൽകി പ്രകാശനം ചെയ്യുന്നു. ഡോ. ഫേബ ജോസഫ് (ശാസ്ത്രജ്ഞ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ഡോ. എം.ഡി. ജെസ്സി (ഡയറക്ടർ റിസേർച്ച് ഇൻ-ചാർജ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം) എന്നിവർ സമീപം (ഇടത്തുനിന്ന്).

'ബയോഡൈവേഴ്സിറ്റി ഇൻ റബ്ബർ പ്ലാന്റേഷൻസ്: എക്സ്പെരിമെന്റൽ ഇൻസൈറ്റ്സ്' എന്ന പുസ്തകം കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസേർച്ചിന്റെ (സി.എസ്.ഐ.ആർ.) ഡയറക്ടർ ജനറലും ഡിപ്പാർട്ടുമെന്റ് ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ച് (ഡി.എസ്.ഐ.ആർ.) സെക്രട്ടറിയുമായ ഡോ. എൻ. കലൈശെൽവി പ്രകാശനം ചെയ്തു. ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപനദിനാചരണത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ വെച്ച് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ. എസ്.-ന് പുസ്തകത്തിന്റെ ആദ്യപ്രതി നൽകിക്കൊണ്ടാണ് പ്രകാശനകർമ്മം നിർവഹിച്ചത്.

റബ്ബർകർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി റബ്ബർകൃഷിയുടെ ആദ്യവർഷങ്ങളിൽ അധികവരുമാനം നേടുന്നതിന് ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നതിനും ജൈവവൈവിധ്യത്തെ പ്രോൽസാഹിപ്പിക്കുന്നതിനുമായി റബ്ബർഗവേഷണകേന്ദ്രം പ്രാദേശികാടിസ്ഥാനത്തിലുള്ള നിരവധി സർവ്വേകളും കൃഷിയിടപരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. കാലാകാലങ്ങളായി നടത്തിയ എല്ലാ പഠനങ്ങളുടെയും പരീക്ഷണങ്ങളുടെയും സമാഹാരമാണ് ഈ പുസ്തകം. ഇത് കർഷകർക്കും തോട്ടമുടമകൾക്കും അതുപോലെ തന്നെ നയരൂപീകരണം നടത്തുന്നവർക്കും വളരെ പ്രയോജനകരമായിരിക്കും. •



അകത്തു കടന്ന് അപകടം ഉണ്ടാകാതിരിക്കാൻ കൊടുത്തിരിക്കുന്ന ക്രമീകരണങ്ങളും കണ്ടപ്പോൾ ജോഹേഷിന്റെ എഞ്ചിനീയറിങ് വൈഭവത്തെ അനുമോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഈ രീതിയിലുള്ള ഒരു പുകപ്പുര നിർമിക്കാൻ ഏകദേശം മൂവായിരം രൂപ മാത്രമാണത്രേ ചെലവ് വന്നത്.

മൂന്ന് ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്ന രീതിയാണ് ജോഹേഷ് നടത്തിപ്പോരുന്നത്. ഉറ കൂട്ടിയ പാൽക്കട്ടി റോളറിൽ അടിച്ചെടുത്തശേഷം മുളയും ടിൻഷീറ്റും ഉപയോഗിച്ച് നിർമിച്ച ഒരു ഷെഡ്ഡിൽ ഉണക്കാൻ ഇടുന്നു. മൂന്നുദിവസം അങ്ങനെ ഉണക്കിയശേഷം നാലാം ദിവസമാണ് പുകപ്പുരയിലേക്ക് മാറ്റുന്നത്. ഒരു ദിവസം മാത്രമാണ് ഷീറ്റുകൾ പുകപ്പുരയിൽ ഉണക്കുന്നത്. റബ്ബർബോർഡ് ഷീറ്റുനിർമാണത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പല കാര്യങ്ങളും ഇവിടെ ഒഴിവാക്കിയിരിക്കുന്നു. എങ്കിലും തന്റെ പരിമിതമായ സാഹചര്യങ്ങളിൽ കൃത്യമായ സാങ്കേതിക പ്രക്രിയയിലേക്ക് അടുത്തുനിൽക്കാൻ ജോഹേഷ് പരമാവധി ശ്രമിച്ചിരിക്കുന്നു. കാഴ്ചയിൽ ഗുണമേന്മ പുലർത്തുന്ന ഷീറ്റുകൾ; നിറം, സുതാര്യത, ബലം തുടങ്ങിയ സാങ്കേതികമാനദണ്ഡങ്ങളിൽ ആർ.എസ്.എസ്. 3/ ആർ.എസ്.എസ്. 4 ഗ്രേഡ് ഷീറ്റുകൾക്ക് തുല്യമായി കാണപ്പെടുന്നു.

വൈദ്യുതി കണക്ഷനോ ആധുനിക സജ്ജീകരണങ്ങളോ ഇല്ലാതെ സ്കൂൾതലത്തിനപ്പുറം വിദ്യാഭ്യാസമില്ലാത്ത ജോഹേഷിന്റെ ഈ പരീക്ഷണങ്ങൾ തീർച്ചയായും അംഗീകരിക്കപ്പെടേണ്ടതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. വിശ്വനാഥ് ചെരിയാലിയിലെ ഫീൽഡ് ഓഫീസർ പ്രകാശ് ചന്ദ്ര സിംഗയ്ക്ക് ഈ ഗ്രാമത്തിൽ ഒരു ക്ലസ്റ്റർ രൂപീകരിക്കാനും ടാപ്പിങ്പരിശീലനം സംഘടിപ്പിക്കാനും മറ്റും ജോഹേഷ് പൂർണ പിന്തുണ നൽകുന്നു എന്നത് അദ്ദേഹത്തിന്റെ റബ്ബർകൃഷിയിലുള്ള താൽപര്യവും മറ്റ് കർഷകരോടുള്ള സഹകരണ മനോഭാവവും വിളിച്ചറിയിക്കുന്നു. •







തോമസ് സക്കറിയാസ് എം.
അസിസ്റ്റന്റ് ഡെവലപ്‌മെന്റ് ഓഫീസർ
(മാനേജിങ് ഡയറക്ടർ, കാഞ്ഞങ്ങാട് റബ്ബേഴ്സ് )


# റബ്ബർപാലിലെ ഉണക്കത്തൂക്കം പരിശോധിക്കാൻ കാഞ്ഞങ്ങാട് റബ്ബേഴ്സിൽ സൗകര്യം

പാലിലുള്ള ഉണക്കറബ്ബറിന്റെ അളവ് അഥവാ ഡി.ആർ.സി. (ഡ്രൈ റബ്ബർ കണ്ടെന്റ്) നിർണയിക്കുകയെന്നുള്ളത് റബ്ബർപാൽ വിപണനത്തിൽ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. എന്നാൽ, ഇന്ന് ഭൂരിപക്ഷം കർഷകരും തങ്ങളുടെ ഉത്പന്നം സ്വന്തം നിലയിൽ ഡി.ആർ.സി. പരിശോധനയ്ക്ക് വിധേയമാക്കാതെ വിപണനം ചെയ്യുന്നതായാണ് കണ്ടുവരുന്നത്. റബ്ബർപാൽവിപണനത്തിൽ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി തങ്ങൾ വിൽക്കുന്ന റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അളവ് എങ്ങനെ കൃത്യമായി അറിയും എന്നുള്ളതാണ്. റബ്ബർപാലിൽ ഏകദേശം 55 മുതൽ 70 വരെ ശതമാനം വെള്ളവും റബ്ബറിതര വസ്തുക്കളുമാണ്. റബ്ബർപാലിൽനിന്ന് ഇവയെല്ലാം നീക്കം ചെയ്തശേഷം ഉണക്കിയെടുക്കുന്ന റബ്ബറിന്റെ മാത്രം തൂക്കത്തെയാണ് ഡി.ആർ.സി. എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. റബ്ബർപാലിൽ എല്ലാകാലത്തും ഡി.ആർ.സി. ഒരുപോലെയായിരിക്കില്ല. സാധാരണ ഗതിയിൽ റബ്ബർപാലിൽ 30 മുതൽ 40 വരെ ശതമാനമായിരിക്കും ഡി.ആർ.സി. (അതായത് 100 ഗ്രാം റബ്ബർപാലിൽ 30 മുതൽ 40 വരെ ഗ്രാം ഉണക്കറബ്ബർ). പക്ഷെ, ചില സമയങ്ങളിൽ റബ്ബർപാലിലെ ഡി.ആർ.സി. 25 മുതൽ 45 വരെ ശതമാനം ആകാറുണ്ട്. റബ്ബറിന്റെ ഇനം, സീസൺ, മണ്ണിന്റെ പ്രത്യേകത, പാരിസ്ഥിതിക സാഹചര്യങ്ങൾ, കൃഷിമുറകൾ, ടാപ്പിങ്ങിന്റെ ഇടവേള, ഉത്തേജകൗഷധത്തിന്റെ ഉപയോഗം എന്നിവയ്ക്കനുസരിച്ച് ഡി.ആർ.സി. വ്യത്യാസപ്പെടാം.

റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അളവ് ഉടൻ നിർണയിക്കാൻ 'മെട്രോലാക്' എന്നറിയപ്പെടുന്ന ഹൈഡ്രോമീറ്റർ ഉപയോഗിക്കാമെങ്കിലും അതുപയോ

ഗിച്ച് ഏകദേശ ഡി.ആർ.സി. മാത്രമേ അറിയാൻ കഴിയൂ. റബ്ബർസംസ്കരണശാലയിൽ ഷീറ്റുറബ്ബർ നിർമിക്കുമ്പോൾ റബ്ബർപാൽ നേർപ്പിക്കാൻ ആവശ്യമായ വെള്ളത്തിന്റെ അളവ് നിശ്ചയിക്കാൻ മാത്രമാണ് ഈ ഉപകരണം ഉപയോഗിക്കുന്നത്. റബ്ബർപാൽ വിപണനം നടത്തുന്നവർ ഡി.ആർ.സി. നിർണയത്തിന് ഈ ഉപകരണം ഉപയോഗിക്കാൻ പാടുള്ളതല്ല.

റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന പ്രാദേശിക മണ്ണുപരിശോധനാശാലകളിൽ ഡി.ആർ.സി. പരിശോധനാസംവിധാനം നേരത്തെ ഉണ്ടായിരുന്നെങ്കിലും പിന്നീട് ഈ പരിശോധനാശാലകൾ നിർത്തലാക്കിയതോടെ റബ്ബർ ഗവേഷണകേന്ദ്രത്തിലെ കേന്ദ്ര പരിശോധനാശാലയിൽ അയച്ചാണ് കർഷകർ ഡി.ആർ.സി. പരിശോധന നടത്തിയിരുന്നത്. ദൂരെയുള്ള പ്രദേശങ്ങളിലെ കർഷകരെ സംബന്ധിച്ച് സാമ്പിളുകൾ കോട്ടയത്ത് എത്തിക്കുക പ്രയാസകരമാണ്. കൂടുതൽ കർഷകർ റബ്ബർപാൽ വിപണനത്തിലേക്ക് മാറുകയും ഡി.ആർ.സി. പരിശോധനാസംവിധാനം കുറയുകയും ചെയ്തപ്പോൾ കർഷകരുടെ ബുദ്ധിമുട്ട് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ റബ്ബർബോർഡ് സംരംഭങ്ങളായ കമ്പനികളിൽ റബ്ബർബോർഡിന്റെ മേൽനോട്ടത്തിൽ ആധുനിക ഡി.ആർ.സി. പരിശോധനാസംവിധാനങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം പരിശോധനാശാലകൾ പ്രവർത്തിച്ചുവരുന്നു. തങ്ങൾ വിൽക്കുന്ന റബ്ബർപാലിന്റെ ഡി.ആർ.സി.-യിൽ കർഷകനും റബർപാൽ വിപണനം നടത്തുന്ന ഏജൻസിയും തമ്മിൽ തർക്കമുണ്ടായാൽ റബ്ബർബോർഡ് അംഗീകൃത പരിശോധനാശാലയിൽ നിന്നുള്ള ഡി.ആർ.സി. പരിശോധനാഫലമായിരിക്കും തർക്കപരിഹാരത്തിനായി സ്വീകരിക്കുക.

കേരളത്തിന്റെ വടക്കേയറ്റത്തുള്ള ജില്ലകളായ കണ്ണൂർ, കാസറഗോഡ്; സമീപസംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ; മഹാരാഷ്ട്രയിലെ സാവന്തവാടി എന്നീ പ്രദേശങ്ങൾ പ്രവർത്തനമേഖലകളായിട്ടുള്ള റബ്ബർബോർഡ് കമ്പനിയാണ് കാഞ്ഞങ്ങാട് റബ്ബേഴ്സ്. ഇവിടെ ആധുനിക സംവിധാനങ്ങളോടുകൂടി റബ്ബർബോർഡ് അംഗീകൃത ഡി.ആർ.സി. പരിശോധനാസംവിധാനം സജ്ജമാക്കി റബ്ബർപാൽസാമ്പിളുകൾ പരിശോധിക്കാനുള്ള സൗകര്യം ഇപ്പോൾ ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ സാമ്പിളുകൾ പരിശോധിച്ച് ഫലം നൽകാനുള്ള സംവിധാനമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. കർഷകർക്ക് നേരിട്ടും കൊറിയർ, തപാൽ മുഖേനയും സാമ്പിളുകൾ അയയ്ക്കാവുന്നതാണ്. 70 രൂപയാണ് പരിശോധനാഫീസായി ഈടാക്കുന്നത്. കർഷകർക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ റബ്ബർപാൽ സാമ്പിളുകൾ പരിശോധനയ്ക്കായി അയയ്ക്കാവുന്നതാണ്.

ഡി.ആർ.സി. ലാബ്, കാഞ്ഞങ്ങാട് റബ്ബേഴ്സ് ലിമിറ്റഡ്, കെ.ആർ.എൽ. കോംപ്ലക്സ്, കുശവൻകുന്ന്, അജാനൂർ പി.ഒ., കാഞ്ഞങ്ങാട് - 671531

ഫോൺ : 0467 2201510, 8590015349 •

# റബ്ബർകൃഷി ധനസഹായത്തിന് ഡിസംബർ 31 വരെ അപേക്ഷിക്കാം



ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ഡിസംബർ 31 വരെ നീട്ടി. കേന്ദ്ര ഗവണ്മെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ്സൈറ്റിലെ ഇ സർവീസസ് മെനു വഴി ലോഗിൻ ചെയ്യാം. റെയിൻ ഗാർഡിങ്ങിനും മരുന്നുതളിക്കുന്നതിനും റബ്ബറുത്പാദക സംഘങ്ങൾ മുഖേന നൽകുന്ന സാമ്പത്തികസഹായങ്ങൾക്കുള്ള അപേക്ഷകളും 2024 ഡിസംബർ 31 വരെ വെബ് പോർട്ടൽ വഴി ഓൺലൈനായി സ്വീകരിക്കും.



വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾ സെന്റർ (0481 2576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്. •






വി.കെ. ഈശ്വരൻ നമ്പൂതിരി
ഫോർമാൻ

# ആർ.പി.ഐ.സി. – ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (Rubber Products Incubation Centre -ആർ.പി.ഐ.സി.) എന്ന ആശയം ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രാവർത്തികമായിട്ട് നാലുവർഷങ്ങൾ പിന്നിട്ടിരിക്കുന്നു.

**ലക്ഷ്യങ്ങൾ**

റബ്ബറുത്പന്നനിർമാണവുമായി ബന്ധപ്പെട്ട നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ആവിഷ്കാരത്തിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഈ സെന്ററിന്റെ പ്രധാന ലക്ഷ്യം. അതായത്, റബ്ബറുത്പന്നനിർമാണവുമായി ബന്ധപ്പെട്ട പുതിയ ആശയങ്ങളുമായി എത്തുന്നവർക്ക് തങ്ങളുടെ ആശയങ്ങൾ നിരന്തരം വിചിന്തനം ചെയ്ത് പുതിയ സാധ്യതകൾ കണ്ടെത്താനും അവരുടെ സാന്നിധ്യത്തിൽ തന്നെ പുതിയ ഉത്പന്നങ്ങൾ നിർമിച്ചുനൽകാനുമുള്ള സംവിധാനമാണ് ഇവിടുള്ളത്. സംരംഭകരിൽ ആത്മവിശ്വാസം വളർത്തുന്നതിന് ഈ സൗകര്യം സഹായകരമാകുന്നു.

2020-ൽ തുടക്കം കുറിച്ച ആർ.പി.ഐ.സി.-യിൽ തുടർന്നു നടന്ന ഗവേഷണങ്ങളിൽ അനവധി സംരംഭകരുടെ ഉത്പന്നങ്ങൾ തയ്യാറായിക്കഴിഞ്ഞു. പ്ലാസ്റ്റിക്/സിന്തറ്റിക് ഉത്പന്നങ്ങൾ പ്രകൃതിക്ക് ഇണങ്ങുന്നതല്ല. എന്നാൽ ഇവയുടെ സ്ഥാനത്ത് മെച്ചപ്പെട്ട സവിശേഷതകളുള്ള പ്രകൃതിസൗഹാർദപരമായ ഉത്പന്നങ്ങൾ നിർമിക്കാൻ ശാസ്ത്രലോകം വളരെയധികം ശ്രദ്ധ ചെലുത്തുന്നുണ്ട്. പരിസ്ഥിതിസൗഹാർദപരമായ റബ്ബറുത്പന്നങ്ങൾ നിർമിക്കപ്പെടേണ്ടതിന്റെ ആവശ്യകത മുന്നിൽ കണ്ട് റബ്ബർബോർഡിലെ സാങ്കേതിക വിദഗ്ദ്ധർ ശ്രമിച്ചതിന്റെ ഫലമായി പ്രകൃതിദത്തറബ്ബറുപയോഗിച്ച്

# പരിസ്ഥിതി സൗഹാർദപരമായ സോക്സുകൾ



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. സേഫ് റബ്ബർ സൊല്യൂഷൻസിന്റെ പുതിയ ഉത്പന്നം കൃഷിവകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ജോർജ് കെ. മത്തായിക്ക് കൈമാറുന്നു*

സേഫ് റബ്ബർ സൊല്യൂഷൻസ് (Safe Rubber Solutions) എന്ന കമ്പനിക്കായി ബയോഡീഗ്രേഡബിൾ സാനിറ്ററി സോക്സുകൾ വികസിപ്പിച്ചെടുത്തതിന്റെ ലോഞ്ചിങ് കർമ്മവും കമ്പനിയുടെ ലോഗോ പ്രകാശനവും 2024 ആഗസ്റ്റ് മാസത്തിൽ റബ്ബർഗവേഷണകേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ആണ് വിതരണോദ്ഘാടനം നിർവ്വഹിച്ചത്. കൃഷിവകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ജോർജ് കെ. മത്തായി ആദ്യ ഉത്പന്നം സ്വീകരിച്ചു. സേഫ് റബ്ബർ സൊല്യൂഷൻ സിന്റെ മാനേജിങ് ഡയറക്ടർ മനോജ് സെബാസ്റ്റ്യൻ റബ്ബർബോർഡിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത സാനിറ്ററി സോക്സുകൾ പരിസ്ഥിതി സൗഹാർദപരവും ബയോഡീഗ്രേഡബിളുമാണ്.

പാദരക്ഷകൾക്കൊപ്പം ധരിക്കുമ്പോൾ കാൽപാദങ്ങൾക്ക് അധിക സുരക്ഷയും ശുചിത്വവും നൽകാൻ ഈ സോക്സുകൾക്ക് കഴിയും. സോക്സുകളുടെ അടിഭാഗം പ്രതലത്തിൽ പിടുത്തം കിട്ടുന്ന രീതിയിൽ രൂപകൽപന ചെയ്തിരിക്കുന്നതിനാൽ തെന്നുന്നതിനും വീഴുന്നതിനുമുള്ള സാധ്യതയും കുറവായിരിക്കും. കൂടാതെ, മലിനജലവുമായി നേരിട്ടുള്ള സമ്പർക്കം തടയുന്നതിനാൽ എലിപ്പനി, സെപ്റ്റിസീമിയ തുടങ്ങിയ





*ബയോഡീഗ്രേഡബിൾ സാനിറ്ററി സോക്സുകൾ*




*ബയോഡീഗ്രേഡബിൾ സാനിറ്ററി സോക്സുകൾ*

രോഗങ്ങളിൽ നിന്നും സംരക്ഷണം നേടാൻ സഹായിക്കും. കർഷകർക്കും തോട്ടം തൊഴിലാളികൾക്കും അട്ടകൾ, പഴുതാര, പാമ്പ് എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിന് ഇത്തരം സോക്സുകൾ ഉപകരിക്കും. കൂടാതെ, പ്രമേഹരോഗികൾക്ക് അണുബാധ ഏൽക്കാതെ സംരക്ഷണം നൽനുന്നത് ഈ ഉത്പന്നത്തിന്റെ മൂല്യം വർധിപ്പിക്കുന്നു. ജോഗിങ് പോലുള്ള വ്യായാമപ്രവർത്തനങ്ങൾക്കും ഇവ ഉപകരിക്കും.

ഈ ഉത്പന്നം പുനരുപയോഗിക്കാവുന്നതും പുനഃചംക്രമണം ചെയ്യാവുന്നതുമാണ്. ഈ സോക്സുകൾ എളുപ്പത്തിൽ ധരിക്കാവുന്നതും തെന്നലിനെ പ്രതിരോധിക്കാൻ കഴിയുന്നതുമാണ്. ഭാരക്കുറവും വിലക്കുറവും അവയുടെ സവിശേഷത ഇരട്ടിയാക്കുന്നു. ഈ ഉത്പന്നം നിർമിക്കുന്നതിനായി 2023-ലാണ് ആർ.പി.ഐ.സി.-യിൽ രജിസ്റ്റർ ചെയ്തത്. നാലുമാസം കൊണ്ട് ഉത്പന്നനിർമാണം പൂർണരൂപത്തിൽ എത്തിക്കാൻ സാധിച്ചു. ഈ ഉത്പന്നം പൂർണതയിൽ എത്തിക്കുന്നതിന് പ്രൊജക്റ്റ് രജിസ്ട്രേഷൻ മുതൽ ടെക്നോളജി കൈമാറ്റം വരെ ഏകദേശം 3.5 ലക്ഷം രൂപ ചെലവഴിക്കേണ്ടിവന്നു. വിവിധ അളവുകളിലും നിറങ്ങളിലും ഇത്തരം സോക്സുകൾ നിർമിക്കാൻ കഴിയും. ഒരു സെമി ഗംബൂട്ട് ആയും ഇത് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ഈ പുതിയ ഉത്പന്നത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ഉടൻ ആരംഭിക്കുന്നതിനാണ് മാനേജിങ് ഡയറക്ടർ മനോജ് സെബാസ്റ്റ്യൻ ഉദ്ദേശിക്കുന്നത്.

പരിസ്ഥിതിക്ക് ദോഷം വരുത്താത്ത വിവിധ മൂല്യവർദ്ധിതോത്പന്നങ്ങൾ നിർമിച്ചെടുക്കാൻ കഴിഞ്ഞു. നിരന്തരമായ പഠനങ്ങളുടെയും ഏകോപിത പ്രവർത്തനങ്ങളുടെയും ഫലമായി പ്ലാസ്റ്റിക് /കൃത്രിമറബ്ബർ ഉത്പന്നങ്ങൾക്ക് ബദലായി പ്രകൃതിദത്തറബ്ബർ ഉപയോഗിച്ച് നിർമിക്കാവുന്ന ഉത്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ റബ്ബർബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്റർ വലിയ പങ്ക് വഹിച്ചുവരുന്നു. പുതിയ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ഡിപ്പിങ്, സ്പ്രേയിങ്, ഫാബ്രിക് ഇമ്പ്രഗ്നേഷൻ പോലുള്ള സാങ്കേതികസൗകര്യങ്ങൾ സമന്വയിപ്പിച്ചുകൊണ്ടാണ് ആർ.പി.ഐ.സി. പ്രവർത്തിച്ചുവരുന്നത്.

## സംരംഭകർക്കുള്ള ഇതര സാധ്യതകൾ

തൊഴിൽ പ്രദാനം ചെയ്യുന്നതിനായി അസാപ്പ്, സ്കിൽ ഇന്ത്യ, സ്റ്റാർട്ടപ്പ് മിഷനുകൾ തുടങ്ങി വിവിധ പദ്ധതികൾ കേന്ദ്രസർക്കാർ നടപ്പാക്കുന്നുണ്ട്. റബ്ബർബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.പി.ഐ.സി.-യുടെ സേവനങ്ങൾ ഇത്തരത്തിലുള്ള പദ്ധതികളുടെ ഭാഗമാകുന്ന സംരംഭകർക്ക് കൂടുതൽ സാധ്യതകൾ നൽകുന്നു. സംരംഭകരുടെ ആവശ്യപ്രകാരം നിരവധി ഉത്പന്നങ്ങൾ ഇതിനകം വികസിപ്പിച്ചെടുത്ത് കൈമാറ്റം ചെയ്യാൻ ആർ.പി.ഐ.സി. -ക്ക് കഴിഞ്ഞിട്ടുണ്ട്.

## ആർ.പി.ഐ.സി.-യിൽ രജിസ്റ്റർ ചെയ്യുന്ന വിധം

കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പതിനഞ്ചോളം പ്രൊജക്ടുകൾ ആർ.പി.ഐ.സി. ഏറ്റെടുത്തിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തൽ, 'മേക്ക് ഇൻ ഇന്ത്യ' പദ്ധതികൾ എന്നിവയിൽ തൽപരരായവർക്കും ടെക്നോളജി അപ്ഗ്രേഡ് ചെയ്യാൻ താൽപര്യമുള്ളവർക്കും ആർ.പി.ഐ.സി.-യുടെ സേവനം പ്രയോജനപ്പെടുത്താം. പ്രാരംഭഘട്ടത്തിൽ രജിസ്ട്രേഷൻ ഫീസായി 10000 രൂപ അടയ്ക്കണം. ഉത്പാദകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്താണ് പ്രൊജക്ട് രൂപകൽപന ചെയ്യുന്നത്. തുടർന്ന് ആർ.പി.ഐ.സി.-യിൽ ലഭ്യമായ ടെക്നോളജി ഉപയോഗിച്ച് ഉത്പന്നം നിർമിക്കാനുള്ള പരിശീലനം സംരംഭകർക്ക് നൽകുന്നു. അതിനായി പ്രൊഡക്റ്റ് പ്രോസ്സസിങ്, ലാബ് ടെസ്റ്റിങ് തുടങ്ങിയ സൗകര്യങ്ങൾ അവർക്ക് പ്രയോജനപെടുത്താം. ഈ സമയത്ത് സൗജന്യ വൈഫൈ, ലബോറട്ടറി ടെസ്റ്റിങ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങളും ലഭിക്കുന്നതാണ്. ആറുമാസത്തിനുള്ളിൽ സാങ്കേതികവശങ്ങൾ കണക്കാക്കി നിശ്ചയിക്കുന്ന ടെക്നോളജി ട്രാൻസ്ഫർ ഫീസ് അടച്ച് സാങ്കേതികവിവരങ്ങൾ കൈപ്പറ്റാവുന്നതുമാണ്.

പുതിയ പ്രൊജക്റ്റുകളിൽ താൽപര്യമുള്ള വ്യക്തികൾക്ക് നൂതനാശയങ്ങൾ വിശദീകരിക്കുന്നതിനും പുതിയ പ്രോജക്റ്റുകൾ രൂപപ്പെടുത്തുന്നതിനും ആർ.പി.ഐ.സി. -യുമായി താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. ഷേറ മാത്യു, ഓഫീസർ ഇൻ-ചാർജ്, റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്റർ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം.
ഇ-മെയിൽ വിലാസം:
sheramathew@rubberboard.org.in
ഫോൺ : 9447764153



സുരേഷ് ബാബു എ.സി.

# ചാൾസ് ഗുഡിയറിനെ അറിയാം

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഒരു ഡിസംബർ മാസം 29-ാം തീയതി അമേരിക്കയിലെ കണക്റ്റിക്കട്ടിലുള്ള നാഗാടുൾക്ക് എന്ന സ്ഥലത്ത് ഹാർഡ്‌വെയർ വ്യാപാരിയായിരുന്ന അമാസാഗുഡിയറിന് ഒരു കുഞ്ഞ് പിറന്നു. അവന് മാതാപിതാക്കൾ ചാൾസ് എന്ന് പേരിട്ടു. ആ കുഞ്ഞാണ് 19-ാം നൂറ്റാണ്ടിൽ പ്രസിദ്ധനായിത്തീർന്ന ചാൾസ് ഗുഡിയർ.

ചാൾസിന് 17 വയസ്സുള്ളപ്പോൾ തന്നെ പിതാവിന്റെ വ്യാപാരത്തിൽ പരിശീലനാർത്ഥിയായി ചേർന്നു. 1821-ൽ അദ്ദേഹം പൂർണതോതിൽ അച്ഛന്റെ ബിസിനസ്സിൽ ചേർന്നു. 1830 ആയപ്പോഴേക്കും കടബാധ്യത മൂലം ബിസിനസ്സ് കുഴപ്പത്തിലായി. എങ്കിലും 1830 മുതൽ ചാൾസിന്റെ മനസിൽ പുതിയ പുതിയ കണ്ടുപിടുത്തങ്ങളെക്കുറിച്ചായിരുന്നു ചിന്ത. അങ്ങനെ സ്റ്റീൽ, സ്പ്രിങ് കോർക്, സ്പൂൺ എന്നിവ നിർമ്മിക്കാനുള്ള വിദ്യ സ്വായത്തമാക്കി. എന്നാൽ, 1834 ആയപ്പോഴേക്കും ചാൾസിന്റെ ശ്രദ്ധ ഒരു പുതിയ മേഖലയിലേക്ക് തിരിഞ്ഞു. അത് റബ്ബർ മേഖലയായിരുന്നു. തുടർന്ന് മരിക്കുന്നതുവരെ റബ്ബർ മേഖലയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം.

ചാൾസ് ഗുഡിയറിന്റെ റബ്ബറിനോടുള്ള പ്രതിപത്തി വർദ്ധിച്ച് വരാൻ തുടങ്ങിയത് ന്യൂയോർക്കിൽ റോക്സ്ബറി ഇന്ത്യ റബ്ബർ കമ്പനിയുടെ കച്ചവടസ്റ്റാളിൽ റബ്ബർ ലൈഫ് ജാക്കറ്റ് കണ്ടതുമുതലാണ്. അദ്ദേഹം അവിടെനിന്നും അത്തരം ഒരു ജാക്കറ്റ് വീട്ടിലേക്ക് കൊണ്ടുവരികയും

അത് കൂടുതൽ മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തു

റബ്ബർ ചൂടാകുമ്പോൾ മൃദുവാകുകയും തണുക്കുമ്പോൾ കട്ടിയാകുകയും ചെയ്യുന്നു എന്നതായിരുന്നു അന്ന് അതിന്റെ വിപണിയിലെ അസ്വീകാര്യതയ്ക്ക് കാരണം. റബ്ബറിന്റെ ഈ പ്രവണത തടയുന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിച്ചുകൊണ്ടേയിരുന്നു. അസാധാരണമായ താൽപര്യത്തോടെ ആ ഉദ്യമം ചാൾസ് ഏറ്റെടുത്തു. കാര്യമായ ഉപയോഗമില്ലാത്ത ഒരു വസ്തു എന്നതിൽ നിന്നും ഉപയോഗപ്രദമായ ഒരു ഉത്പന്നമായി റബ്ബറിനെ മാറ്റുന്നതിനുപകരിക്കുന്ന ഒരു പദാർത്ഥത്തെക്കുറിച്ച് അദ്ദേഹം സദാ അന്വേഷിച്ചുകൊണ്ടേയിരുന്നു. കുടുംബം ദാരിദ്ര്യത്തിലൂടെ കടന്നുപോകുമ്പോഴും അത്തരം ഒരു പദാർത്ഥം ഉണ്ടോ എന്നതായിരുന്നു ചാൾസിന്റെ ചിന്ത. റബ്ബറിൽ ടർപെന്റയിൻ ചേർത്ത് മൃദുവാക്കി ഒരു ഉത്പന്നം ചാൾസ് പരീക്ഷിച്ചു. വർഷങ്ങളോളം ഇത്തരം ചെറിയ ചെറിയ പരീക്ഷണങ്ങൾ ഗുഡിയർ ആവർത്തിച്ചുകൊണ്ടേയിരുന്നു. എന്നാൽ, പരാജയമായിരുന്നു ഫലം. റബ്ബർ പഴയതുപോലെ ചൂടാകുമ്പോൾ മൃദുവാകുകയും തണുപ്പിക്കുമ്പോൾ കട്ടിയാവുകയും ചെയ്തുകൊണ്ടിരുന്നു.

ഇത്തരം പരീക്ഷണങ്ങൾ തുടരവെ അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ജീവിതം ദുരിതപൂർണമായി ഇഴഞ്ഞുനീങ്ങുകയായിരുന്നു. ചാൾസിന്റെ ഭാര്യ ക്ലാരിസ ക്ഷമയോടും വിശ്വാസത്തോടും കൂടെ എല്ലാ യാതനകളും സഹിച്ചു. വീട്ടിലെ ഫർണിച്ചർ, കുട്ടികളുടെ പുസ്തകങ്ങൾ തുടങ്ങിയവ വിറ്റ് വിശപ്പടക്കാനുള്ള ശ്രമത്തിലായിരുന്നു കുടുംബം. എല്ലാം സഹിച്ച് ഇടയ്ക്കുണ്ടായ പരാജയങ്ങൾ കണക്കാക്കാതെ ചാൾസ് അദ്ദേഹത്തിന്റെ പരീക്ഷണങ്ങളിലൂടെ മുന്നോട്ടുപോയി.

1839-ൽ ഡിസംബർ മാസം പരീക്ഷണശാലയിൽ ചാൾസിന്റെ പക്കലുണ്ടായിരുന്ന റബ്ബർമിശ്രിതം ചൂടുള്ള സ്റ്റൗവിൽ വീഴാൻ ഇടയായി. ഗുഡിയർ അത്ഭുതപ്പെട്ടു. ആ റബ്ബർ മൃദുവായില്ല. താൻ വളരെക്കാലം പരിശ്രമിച്ചുകൊണ്ടിരുന്ന പരീക്ഷണം വിജയിച്ചു എന്ന് അദ്ദേഹം മനസ്സിലാക്കി. ചൂടുള്ള സ്റ്റൗവിൽ സൾഫർ കലർന്നിട്ടുണ്ടായിരുന്നതുകൊണ്ടാണ് റബ്ബർ മൃദുവാകാതിരുന്നതെന്നും അദ്ദേഹം മനസ്സിലാക്കി. തുടർന്നും പരീക്ഷണങ്ങൾ നടത്തപ്പെട്ടു. റബ്ബർ തണുപ്പിക്കുമ്പോൾ കട്ടിയാവുന്നത് തടയാൻ സൾഫറിന് കഴിയും എന്ന് അവസാനം ചാൾസിന് ബോധ്യമായി. ഈ പ്രക്രിയയാണ് അതായത് റബ്ബറിനെ സൾഫർ ചേർത്ത് ചൂടാക്കി അതിന്റെ മൃദുവാകുന്നതും കട്ടിയാകുന്നതുമായ സ്വഭാവം ഇല്ലാതാക്കുന്ന പ്രക്രിയയാണ് പിന്നീട് വൾക്കനൈസേഷൻ എന്ന പേരിൽ അറിയപ്പെട്ടത്. അങ്ങനെ വൾക്കനൈസേഷൻ നടത്തിയ റബ്ബറിൽനിന്നും പലതരത്തിലുള്ള ഉത്പന്നങ്ങൾ പുറത്തിറങ്ങി.

1839–1840 വർഷങ്ങളിലെ തണുപ്പ് കഠിനമായിരുന്നു. ആ സമയം ചാൾസ് ദാരിദ്ര്യത്തിന്റെ പരമകോടിയിൽ എത്തിയിരുന്നു. അദ്ദേഹം ബോസ്റ്റണിലും ന്യൂയോർക്കിലും പോയി പണം നേടാൻ ശ്രമിച്ചു. എന്നാൽ, ഒരിക്കൽ ഹോട്ടൽ ബിൽ അടക്കാൻ സാധിക്കാത്തതിന് അദ്ദേഹം ജയിലിലടയ്ക്കപ്പെട്ടു.

1843 ജൂലൈ 5-ാം തീയതി പേറ്റന്റിന് അപേക്ഷിച്ചെങ്കിലും കിട്ടിയത് 1844 ജൂൺ 14-ാം തീയതി ആയിരുന്നു. അപ്പോഴേക്കും പരീക്ഷണം തുടങ്ങി അഞ്ച് വർഷമായിരുന്നു.

1851-ൽ മുപ്പതിനായിരം ഡോളർ ചെലവ് ചെയ്ത് വൾക്കനൈസ് ചെയ്ത റബ്ബർ സാധനങ്ങൾ ലണ്ടനിലുള്ള ക്രിസ്റ്റൽ പാലസിൽ പ്രദർശിപ്പിച്ചു. പിന്നീട് 50,000 (അമ്പതിനായിരം) ഡോളർ ചെലവ് ചെയ്ത് ഫ്രാൻസിൽ മറ്റൊരു പ്രദർശനവും നടത്തി. അതിന്റെ അന്തിമ ഫലം കടക്കാരനായി പ്രഖ്യാപിച്ച് അദ്ദേഹത്തെ ഫ്രഞ്ച് ഗവൺമെന്റ് ജയിലിലടച്ചു എന്നതായിരുന്നു. ജയിലിൽനിന്ന് പുറത്തുവന്ന് രണ്ട് വർഷത്തിനുശേഷം 1860 ജൂലൈ മാസം 1-ാം തീയതി ന്യൂയോർക്കിലുള്ള ഒരു ഹോട്ടൽ മുറിയിൽ വെച്ച് അദ്ദേഹം മരിച്ചു. ചാൾസിനെ രക്ഷിക്കാത്ത വൾക്കനൈസേഷൻ പിന്നീട് റബ്ബറിനെ രക്ഷിക്കുകയായിരുന്നു.

(ലേഖകൻ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ മുൻ സയന്റിഫിക് ഓഫീസറാണ്). •

## തിരുത്ത്

2024 നവംബർ ലക്കം റബ്ബർമാസികയിൽ 'റബ്ബറുത്പാദനത്തിൽ ജനിതകശേഷിയുടെ പ്രാധാന്യം' എന്ന ലേഖനത്തിലെ പട്ടിക 2-ൽ കൊടുത്തിരുന്ന ഒരു വർഷത്തിൽ ലഭിക്കേണ്ട ടാപ്പിങ്ദിനങ്ങൾ എന്ന കോളം താഴെപ്പറയുന്ന വിധത്തിൽ തിരുത്തി വായിക്കാൻ അപേക്ഷിക്കുന്നു.

| ടാപ്പിങ് സമ്പ്രദായം | ടാപ്പിങ് ഇടവേള | ഒരു വർഷത്തിൽ ലഭിക്കേണ്ട ടാപ്പിങ്ദിനങ്ങൾ |
|---|---|---|
| S2 d3 6d/7 | 3 ദിവസത്തിൽ ഒരിക്കൽ | 104 |
| S2 d3 7d/7 | 3 ദിവസത്തിൽ ഒരിക്കൽ | 121 |
| S2 d4 6d/7 | 4 ദിവസത്തിൽ ഒരിക്കൽ | 78 |
| S2 d4 7d/7 | 4 ദിവസത്തിൽ ഒരിക്കൽ | 91 |
| S2 d6 6d/7 (ആഴ്ചയിലൊരിക്കൽ) | 6 ദിവസത്തിൽ ഒരിക്കൽ | 52 |
| S2 d6 7d/7 | 6 ദിവസത്തിൽ ഒരിക്കൽ | 60 |


## 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ്' വിൽപനയ്ക്ക്



റബ്ബർകൃഷിപരിപാലനം, നടീലിനങ്ങൾ, വിവിധ റബ്ബറിനങ്ങളുടെ പ്രത്യേകതകൾ, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങി റബ്ബറിന്റെ എല്ലാ മേഖലകളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ് – 2023'.

ഇംഗ്ലീഷിൽ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകം ഇപ്പോൾ വിൽപനയ്ക്ക് ലഭ്യമാണ്. ഒരു കോപ്പിയുടെ വില 200 രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0481 2301231 (എക്സ്റ്റൻഷൻ നമ്പർ 346).

# GOLDEN TOUCH®

## FORMIC ACID



GTC®

**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

GTC®

Since 1991

*Geo Thomas & Co.*

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

# വാർത്തകൾ

## കാംപെയ്ൻ 2024

കാംപെയ്ൻ 2024-ന്റെ ഭാഗമായി റബ്ബർബോർഡ് വിവിധ സ്ഥലങ്ങളിൽ തീവ്രബോധവത്കരണപരിപാടികൾ നടത്തി. പരമ്പരാഗത റബ്ബർമേഖലകളിൽ 'ആവർത്തനക്കൃഷിയിലൂടെ നേട്ടം കൊയ്യാം' (Replant and Reap Rewards) എന്ന സന്ദേശത്തിനും പാരമ്പര്യേതര റബ്ബർകൃഷിമേഖലകളിലും വടക്കുകിഴക്കൻ മേഖലകളിലും 'സുസ്ഥിര വികസനത്തിന് പ്രകൃതിദത്തറബ്ബർകൃഷി' (Natural Rubber Cultivation for Sustainable Development) എന്ന സന്ദേശത്തിനും മുൻതൂക്കം നൽകിക്കൊണ്ടാണ് തീവ്രപ്രചാരണപരിപാടികൾ സംഘടിപ്പിക്കുന്നത്.

## തിരുവനന്തപുരം

തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള കാരോട് റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാംപെയ്ൻ 2024-ന്റെ ഭാഗമായി യോഗം നടത്തി. ഉത്പാദകസംഘം പ്രസിഡന്റ് സുധാകരൻ നായർ അധ്യക്ഷത വഹിച്ച യോഗം ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽകുമാർ ഉദ്ഘാടനം ചെയ്തു.



ഡെവലപ്മെന്റ് ഓഫീസർ വി.കെ. ശ്രീകുമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ അരുണ ജോർജ് എന്നിവർ ക്ലാസ്സുകളെടുത്തു. സംഘം വൈസ് പ്രസിഡന്റ് ആന്റണി നന്ദി പറഞ്ഞു.

## മണ്ണാർക്കാട്

കാംപെയ്ൻ 2024-ന്റെ ഭാഗമായി മണ്ണാർക്കാട് റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള ചെർപ്പുളശ്ശേരി റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാറൽമണ്ണ പാൽസൊസൈറ്റിയിൽ വച്ച് യോഗം നടത്തി. ഉത്പാദകസംഘം പ്രസിഡന്റ് ശിവദാസൻ നായർ അധ്യ



ക്ഷത വഹിച്ചു. ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ സി.ബി. മധു യോഗം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ പി. ഗീത ക്ലാസ്സെടുത്തു.

## തൃശൂർ

തൃശൂർ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള എരുമപ്പെട്ടി റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാംപെയ്ൻ 2024-ന്റെ ഭാഗമായി യോഗം നടത്തി. ഉത്പാദകസംഘം പ്രസിഡന്റ് ബാബു വർഗീസ് അധ്യക്ഷത വഹിച്ചു. ഡെവലപ്മെന്റ് ഓഫീസർ വി.എ.



കൃഷ്ണപ്രസാദ് യോഗം ഉദ്ഘാടനം ചെയ്തു. ഡെവലപ്മെന്റ് ഓഫീസർ കെ.വി. ജയൻ സംസാരിച്ചു.

## പാലക്കാട്

കാംപെയ്ൻ 2024-ന്റെ ഭാഗമായി പാലക്കാട് റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള മംഗലം ഡാം റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യോഗത്തിൽ ഉത്പാദകസംഘം പ്രസിഡന്റ്



സാബു ഏബ്രഹാം അധ്യക്ഷത വഹിച്ചു. ഡെവലപ്മെന്റ് ഓഫീസർ എ.ഡി. ടോണി ക്ലാസ്സെടുത്തു.

## അടൂർ

കാംപെയ്ൻ 2024-ന്റെ ഭാഗമായി അടൂർ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള പള്ളിക്കൽ മോഡൽ റബ്ബറുത്പാദകസംഘം നടത്തിയ യോഗത്തിൽ ഉത്പാദ



കസംഘം പ്രസിഡന്റ് രാജ്കുമാർപിള്ള അധ്യക്ഷത വഹിച്ചു. ഡെവലപ്മെന്റ് ഓഫീസർ സി.എൻ. ഉമാദേവി യോഗം ഉദ്ഘാടനം ചെയ്തു. ഡെവലപ്മെന്റ് ഓഫീസർ എം.ആർ. ജയശ്രീ ക്ലാസ്സെടുത്തു.

## ബാരിപ്പദ

കാംപെയ്ൻ 2024-ന്റെ ഭാഗമായി ബാരിപ്പദ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള മധുർപുർ റബ്ബറുത്പാ



ദകസംഘം നടത്തിയ യോഗത്തിൽ ഉത്പാദകസംഘം പ്രസിഡന്റ് രമേഷ് സിംഗ് അധ്യക്ഷത വഹിച്ചു. ഡെവലപ്മെന്റ് ഓഫീസർ ശരത് ചന്ദ്ര മറണ്ടി യോഗം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ശക്തിനാഥ് സത്പതി ക്ലാസ്സെടുത്തു. •

# ശുചിത്വപക്ഷാചരണം

കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം നവംബർ 1 മുതൽ 15 വരെയുള്ള തീയതികളിൽ നടത്തിയ ശുചിത്വപക്ഷാചരണത്തിന്റെ ഭാഗമായി റബ്ബർബോർഡ് ജീവനക്കാർ നിരവധി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. റബ്ബർ ബോർഡ് ജീവനക്കാരും കോട്ടയം സി.എം.എസ്. കോളജിലെ എൻ.എസ്എസ്. അംഗങ്ങളായ വിദ്യാർത്ഥികളും ചേർന്ന് റബ്ബർ ബോർഡിന്റെ കേന്ദ്ര ഓഫീസിന് സമീപമുള്ള അംഗനവാടി വൃത്തിയാക്കി. കെട്ടിടം പെയിന്റ് ചെയ്യുകയും കോളജ് വിദ്യാർത്ഥികൾ ചേർന്ന് ഭിത്തിയിൽ കുട്ടികളെ ആകർഷിക്കുന്ന ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തു.



*കോട്ടയം സി.എം.എസ്. കോളജിലെ എൻ.എസ്.എസ്. അംഗങ്ങളായ വിദ്യാർത്ഥികൾ അംഗനവാടിയിൽ ചിത്രങ്ങൾ വരയ്ക്കുന്നു.*

അംഗനവാടിയിൽ പഠിക്കുന്ന കൊച്ചുകുട്ടികൾക്ക് ആരോഗ്യകരമായ അന്തരീക്ഷം നൽകുന്നതിന് ഉപകരിച്ച ഈ പ്രവൃത്തിയെ അംഗനവാടി സന്ദർശിച്ച മുൻസിപ്പൽ കൗൺസിലർ അഭിനന്ദിച്ചു. ശുചിത്വ പക്ഷാചരണത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനായി എത്തിയ കേന്ദ്ര വാണിജ്യവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി അനിൽകുമാറും സംഘവും അംഗനവാടി സന്ദർശിച്ച് പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി. •



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'ക്രൗൺബഡ്ഡിങ്' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ്, 'റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ നൽകുന്ന സേവനങ്ങൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഷേറ മാത്യു, 'നിയന്ത്രിത കമിഴ്ത്തിവെട്ട്' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ അനിത എസ്. എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

### ക്രൗൺബഡ്ഡിങ്

1. ***ക്രൗൺബഡ്ഡിങ് എന്താണെന്നു വിശദീകരിക്കാമോ?***

   ഇലരോഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള ഇലച്ചില്ലുകൾ പ്രദാനം ചെയ്യുന്ന റബ്ബറിനങ്ങളുടെ ഒട്ടുകണ്ണ് ഉയർന്ന ഉത്പാദനശേഷിയുള്ള ഇനങ്ങളിൽ ബഡ്ഡുചെയ്തു പിടിപ്പിക്കുന്ന രീതിയാണ് ക്രൗൺബഡ്ഡിങ്. ബഡ്ഡുചെയ്ത ഒരു റബ്ബർതൈയിൽ രണ്ടര മുതൽ മൂന്ന് വരെ മീറ്റർ ഉയരത്തിൽ എഫ്.എക്സ്. 516-ന്റെ ഒട്ടുകണ്ണ് ഉപയോഗിച്ച് ക്രൗൺബഡ്ഡിങ് ചെയ്യുന്നു. ക്രൗൺബഡ്ഡ് ചെയ്ത ഒരു മരത്തിൽ മൂന്ന് ഇനങ്ങളുടെ ഭാഗങ്ങളാണുള്ളത്. വിത്തിൽ നിന്നു വരുന്ന റൂട്ട് സ്റ്റോക്ക്, ഉയർന്ന ഉത്പാദനശേഷിയുള്ള റബ്ബറിന്റെ തണ്ടു ഭാഗം, രോഗപ്രതിരോധശേഷിയുള്ള എഫ്.എക്സ്. 516-ന്റെ ഇലഭാഗം.

2. ***ക്രൗൺബഡ്ഡിങ് മൂലം ഏതെല്ലാം രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയും?***

   അകാലികഇലകൊഴിച്ചിൽ, *കൊളിറ്റോട്രിക്കം, കൊറിനിസ്പോറ*, പൊടിക്കുമിൾ എന്നീ ഇലരോഗങ്ങളെ പ്രതിരോധിക്കാൻ സാധിക്കും.




*ഡോ. ഷാജി ഫിലിപ്പ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

3. ***പട്ടമരപ്പിനെ പ്രതിരോധിക്കാൻ ക്രൗൺബഡ്ഡിങ് ഫലപ്രദമാണോ?***

പട്ടമരപ്പിനെ പ്രതിരോധിക്കാൻ ക്രൗൺബഡ്ഡിങ് ഫലപ്രദമല്ല. ഇലരോഗങ്ങളെ പ്രതിരോധിക്കാനാണ് ക്രൗൺബഡ്ഡിങ് ചെയ്യുന്നത്.

4. ***സാധാരണ ബഡ്ഡിങ്ങിൽ നിന്നും ക്രൗൺബഡ്ഡിങ് ചെയ്യുന്നതിനുള്ള വ്യത്യാസം എന്തെല്ലാമാണ് ?***

ക്രൗൺബഡ്ഡിങ് രണ്ടര മുതൽ മൂന്ന് വരെ മീറ്റർ ഉയരത്തിൽ ആണ് ചെയ്യേണ്ടത്. എഫ്.എക്സ്. 516-ന്റെ ബഡ്ഡുവുഡ് ആണ് ക്രൗൺബഡ്ഡിങ്ങിന് ഉപയോഗിക്കേണ്ടത്.

5. ***ഏതൊക്കെ ഇനങ്ങളിലാണ് ക്രൗൺബഡ്ഡിങ് ചെയ്യാവുന്നത്?***

എല്ലായിനങ്ങളിലും ക്രൗൺബഡ്ഡിങ് പ്രായോഗികമാണ്.

6. ***ഡിസംബർ മാസങ്ങളിലെ ഇലകൊഴിച്ചിൽ മൂലമുള്ള ഉത്പാദനക്കുറവ് പരിഹരിക്കാൻ ക്രൗൺബഡ്ഡിങ് മൂലം സാധിക്കുമോ?***

തീർച്ചയായും. ക്രൗൺബഡ്ഡിങ്ങിനുപയോഗിക്കുന്ന എഫ്.എക്സ്. 516 എന്ന ഇനത്തിൽ ഭാഗികമായി മാത്രമേ ഇലകൊഴിച്ചിൽ ബാധിക്കുന്നുള്ളു. ആയതിനാൽ ഇലകൊഴിച്ചിൽ മൂലമുണ്ടാകുന്ന ഉത്പാദനക്കുറവ് ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും.

7. ***ക്രൗൺബഡ്ഡിങ്ങിന് അനുയോജ്യമായ സമയമേതാണ് ?***

നഴ്സറികളിൽ നിയന്ത്രിതസാഹചര്യങ്ങളുള്ളതിനാൽ ഏതു സമയത്തും ക്രൗൺബഡ്ഡുചെയ്യാം. എന്നാൽ ഫീൽഡ്ബഡ്ഡിങ് നടത്തുമ്പോൾ ജൂലൈ-ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ വിജയശതമാനം ലഭിക്കുന്നത്.

## റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ നൽകുന്ന സേവനങ്ങൾ

1. ***'റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ' എന്നാൽ എന്താണെന്ന് വിശദീകരിക്കാമോ?***

റബ്ബറുത്പന്നനിർമാണവുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (ആർ.പി.ഐ.സി.). റബ്ബറുത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായി സാങ്കേതികവിദഗ്ധരുടെ സേവനത്തോടൊപ്പം എല്ലാവിധ ആധുനിക സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

2. ***ആർ.പി.ഐ.സി.-യുടെ പ്രവർത്തനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന ഫീസ് എത്രയെന്ന് വിശദീകരിക്കാമോ?***

ആർ.പി.ഐ.സി.-യിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ പുതിയ ആശയത്തിനും പതിനായിരം രൂപയാണ് രജിസ്ട്രേഷൻ ഫീസായി നിശ്ചയിച്ചിരിക്കുന്നത്. രജിസ്റ്റർ ചെയ്ത അപേക്ഷപ്രകാരമുള്ള ആശയം പ്രായോഗികതലത്തിൽ ഏകദേശം പകുതിഭാഗം വിജയകരമാവുമ്പോൾ 'മാർക്കറ്റ് പൊട്ടൻഷ്യൽ'




*ഡോ. ഷേറ മാത്യു ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

അനുസരിച്ച് ധാരണയിലായിരിക്കുന്ന ഫീസിന്റെ 50 ശതമാനം ഈടാക്കുന്നതാണ്. ബാക്കി 50 ശതമാനം ടെക്നിക്കൽ/പ്രൊജക്ട് റിപ്പോർട്ട് കൈമാറുന്നതിനനുസരിച്ച് ഈടാക്കുന്നതാണ്.

3. ***റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ എങ്ങനെയെന്ന് വിശദീകരിക്കാമോ?***

വ്യക്തികൾ മുഖേന വരുന്ന നൂതനമായ ആശയങ്ങൾ സാങ്കേതികവിദഗ്ധരുടെ മേൽനോട്ടത്തിൽ വിശകലനം ചെയ്ത് ആശയത്തിന്റെ വിപണനസാധ്യത വിലയിരുത്തുന്നു. അതിനുശേഷം യോഗ്യമെന്നു കണ്ടാൽ ആശയം നൽകിയ ആളിന്റെ പേരിൽ അപേക്ഷ രജിസ്റ്റർ ചെയ്യും. പിന്നീട് രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് ആശയവുമായ ബന്ധപ്പെട്ട വിഷയങ്ങളിൽ സെന്ററിലെ വിദഗ്ധരുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു. ആശയങ്ങൾ സാങ്കേതികമായി രൂപപ്പെടുത്തിയെടുക്കുന്നതിന് കൂടുതൽ സമയം വേണ്ടിവരും. ഈ കാലയളവിൽ സെന്ററിൽ തന്നെ എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു ഓഫീസ്മുറി ലഭ്യമാക്കും. ആശയത്തിന്റെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനുവേണ്ടിയുള്ള ഒരു കരാറും രജിസ്റ്റർ ചെയ്യപ്പെടുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷപ്രകാരമുള്ള ആശയം പ്രായോഗികതലത്തിൽ വിജയകരമായി പൂർത്തിയാക്കിയശേഷം അതു സംബന്ധിച്ച വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു. അതോടുകൂടി രജിസ്റ്റർ ചെയ്ത ആശയത്തിന്റെ 'ഇൻക്യുബേഷൻ സമയം' പൂർത്തിയാകും.

4. ***നിലവിൽ എന്റെ യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നത്തിന് ചില ന്യൂനതകൾ ഉണ്ട്. അവ പരിഹരിച്ച് ഗുണമേന്മ വർദ്ധിപ്പിക്കാനായി ആർ.പി.ഐ.സി.-യുടെ സേവനങ്ങൾ ലഭ്യമാണോ?***

നിലവിലുള്ള യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്. അതിനായി ആർ.പി.ഐ.സി.-യിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല.

5. ***ആർ.പി.ഐ.സി.-യുടെ സേവനങ്ങൾ ലഭിക്കാനായി ആരെയാണ് ബന്ധപ്പെടേണ്ടത്?***

ആർ.പി.ഐ.സി.-യുടെ സേവനങ്ങൾ ലഭിക്കാനായി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗം ഓഫീസർ ഇൻ ചാർജിനെ ഇ-മെയിൽ വഴിയോ ഫോൺ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

വിലാസം: ഓഫീസർ-ഇൻ ചാർജ്
ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗം
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം
കോട്ടയം -686009
ഇ.മെയിൽ: sheramathew@rubberboard.org.in
ഫോൺ: 9447764153, 0481 235 3311– Extn. 312, 220/ 279

6. ***ആർ.പി.ഐ.സി.-യിൽ നിർമിച്ച ഒരു ഉത്പന്നത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക അല്ലെങ്കിൽ ടെസ്റ്റ് ചെയ്യുക എന്നീ ആവശ്യങ്ങൾക്കായി ആരെയാണ് സമീപിക്കേണ്ടത്?***

ആർ.പി.ഐ.സി.-യിൽ നിർമിച്ച ഉത്പന്നത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനായി ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗത്തെ സമീപിക്കാവുന്നതാണ്. ടെസ്റ്റുകൾക്ക് നിശ്ചിത ഫീസുകൾ നൽകേണ്ടതാണ്.

## നിയന്ത്രിതകമിഴ്ത്തിവെട്ട്

1. ***നിയന്ത്രിതകമിഴ്ത്തിവെട്ട് (CUT - controlled upward tapping) എന്നാൽ എന്താണ്? ഇതിന് സ്ലോട്ടർ ടാപ്പിങ്ങുമായുള്ള വ്യത്യാസമെന്താണ് ?***

അസ്സൽപട്ടയിലെ ടാപ്പിങ്ങിനുശേഷം പുതുപ്പട്ടയിൽ ടാപ്പിങ് തുടങ്ങി ഒന്നോ രണ്ടോ വർഷമാകുമ്പോൾ പുതുപ്പട്ടയ്ക്ക് മുകളിലുള്ള അസ്സൽപട്ടയിലാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്നത്. പരിഷ്ക്കരിച്ച ഗൂജുകത്തി ഉപയോഗിച്ച് വെട്ടുചാലിന്റെ താഴെ നിന്ന് മുകളിലേക്ക് നിയന്ത്രിതമായിട്ടാണ് ടാപ്പിങ് നടത്തേണ്ടത്. ഇത് കടുംവെട്ടോ സ്ലോട്ടർ ടാപ്പിങ്ങോ അല്ല. മരങ്ങൾ വെട്ടിമാറ്റുന്നതിന് മുമ്പുള്ള ഒന്നോ രണ്ടോ വർഷം ഒന്നിലധികം വെട്ടുചാലുകളിട്ട് ഉത്തേജകൗഷധം പുരട്ടി മരത്തിന്റെ ആരോഗ്യം പരിഗണിക്കാതെ ടാപ്പുചെയ്യുന്നതിനെയാണ് സ്ലോട്ടർടാപ്പിങ് എന്ന് പറയുന്നത്.

2. ***റബ്ബർമരങ്ങളിൽ എപ്പോഴാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് തുടങ്ങാൻ പറ്റിയ സമയം?***

അസ്സൽപട്ടകളായ 'എ','ബി' പാനലുകളിലെ ടാപ്പിങ്ങിനുശേഷം പുതുപ്പട്ടയിൽ ('സി'-പാനൽ) ടാപ്പിങ് തുടങ്ങുന്ന സമയത്ത് സി.യു.റ്റി.-യും തുടങ്ങാവുന്നതാണ്. റബ്ബർമരങ്ങളുടെ ആയുസ്സ് പരമാവധി കൂട്ടാനായി മഴക്കാലത്ത് റെയിൻഗാർഡ് ചെയ്ത് പുതുപ്പട്ടയിൽ സാധാരണ ടാപ്പിങ്ങും മഴക്കാലത്തിനു ശേഷം 125 സെന്റീമീറ്റർ ഉയരത്തിന് മുകളിലുള്ള അസ്സൽപട്ടയിൽ നിയന്ത്രിതകമിഴ്ത്തിവെട്ടും ചെയ്യുന്നതാണ് നല്ലത്. ഇങ്ങനെ ടാപ്പുചെയ്യുമ്പോൾ ഉത്പാദനം വർദ്ധിക്കുന്നതായാണ് കാണുന്നത്.

3. ***നാടൻകത്തി (മിച്ചി ഗോലഡ്ജ്) ഉപയോഗിച്ച് സി.യു.റ്റി. ചെയ്യാൻ സാധിക്കുമോ?***

നിലത്ത് നിന്നുകൊണ്ട് ആയാസരഹിതമായി സി.യു.റ്റി. ചെയ്യാൻ പരിഷ്ക്കരിച്ച ഗൂജ് കത്തിയാണ് നല്ലത്. ഈ കത്തി ഉപയോഗിച്ചാൽ വെട്ടുപട്ടയുടെ ഉപഭോഗം കുറയ്ക്കാനും തണ്ണിപ്പട്ടയ്ക്ക് കേടുപറ്റാതെ ടാപ്പുചെയ്യാനും സാധിക്കും. കൂടാതെ, ഈ കത്തി ഉപയോഗിക്കുമ്പോൾ വെട്ടുചാലിന്റെ മദ്ധ്യഭാഗം കുഴിഞ്ഞിരിക്കുന്നതുകൊണ്ട് പാൽ വെട്ടുചാലിനു പുറത്തേക്ക് പരന്നൊഴുകാനുള്ള സാധ്യത കുറയുകയും ചെയ്യുന്നു.



*അനിത എസ്. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

4. ***മരത്തിന്റെ പകുതി ചുറ്റളവിൽ സി.യു.റ്റി. ചെയ്യാൻ സാധിക്കുമോ?***

നിയന്ത്രിതകമിഴ്ത്തിവെട്ടിൽ സാധാരണ ടാപ്പിങ്ങിലേതിനേക്കാൾ നീളംകുറഞ്ഞ വെട്ടുചാലാണ് തുറക്കേണ്ടത്. കൂടാതെ, സി.യു.റ്റി. ചെയ്യുമ്പോൾ കമിഴ്ത്തുപട്ടയായതിനാൽ പാലൊഴുക്ക് സുഗമമാക്കാനായി വെട്ടുചാലിന് 45 ഡിഗ്രി ചെരിവാണ് നൽകേണ്ടത്. ഈ ചെരിവ് നിലനിർത്താനായി മൂന്നു ദിവസത്തിലൊരിക്കൽ സി.യു.റ്റി. ചെയ്യുന്ന മരങ്ങളിൽ ചുറ്റളവിന്റെ നാലിലൊന്ന് ഭാഗത്തും ആഴ്ചയിലൊരിക്കൽ സി.യു.റ്റി. ചെയ്യുന്ന മരങ്ങളിൽ ചുറ്റളവിന്റെ മൂന്നിലൊന്ന് ഭാഗത്തുമാണ് വെട്ടുചാൽ തുറക്കേണ്ടത്.

5. ***നിയന്ത്രിതകമിഴ്ത്തിവെട്ടിൽ ഉത്തേജകൗഷധപ്രയോഗം എപ്രകാരമാണ് നടത്തേണ്ടത്?***

ആർആർഐഐ 105, ആർആർഐഐ 430 എന്നീ ഇനങ്ങളിൽ മൂന്നു ദിവസത്തിലൊരിക്കൽ നാലിലൊന്ന് ചുറ്റളവിൽ ടാപ്പുചെയ്യുമ്പോൾ മാസത്തിലൊരിക്കൽ അടുത്ത ടാപ്പിങ്ങിന് 48 മണിക്കൂർ മുൻപ് അഞ്ച് ശതമാനം വീര്യമാക്കി നേർപ്പിച്ച എത്തഫോൺ വള്ളിപ്പാലിന് മുകളിൽ പുരട്ടി കൊടുക്കണം. ആഴ്ചയിലൊരിക്കൽ ടാപ്പിങ്ങാണ് അനുവർത്തിക്കുന്നതെങ്കിൽ ഓരോ രണ്ടു ടാപ്പിങ്ങിന് ശേഷവും മൂന്നാമത്തെ ടാപ്പിങ്ങിന് 48 മണിക്കൂർ മുൻപ് അഞ്ച് ശതമാനം വീര്യമുള്ള എത്തഫോൺ വള്ളിപ്പാലിനു മുകളിൽ പുരട്ടണം.


തയ്യാറാക്കിയത്
**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

# ജനുവരി മാസത്തെ കൃഷിപ്പണികൾ



നഴ്സറികളിലെ തൈകൾ രാവിലെയും വൈകുന്നേരവും നനച്ചുകൊടുക്കണം. തടങ്ങൾ പൂർണമായി നനയുന്ന രീതിയിൽ നാലുദിവസത്തിലൊരിക്കൽ വീതം നനച്ചാൽ മതിയാകും. വലിയ നഴ്സറികളിൽ മൊത്തം സ്ഥലത്തെ പലതായി വിഭജിച്ച് ഓരോ ഭാഗം ഓരോ ദിവസം നനച്ചുകൊടുക്കുന്നതാണ് കുടുതൽ സൗകര്യപ്രദം. കൂടത്തൈകൾ വൈകുന്നേരം നനയ്ക്കുന്നതാണ് കൂടുതൽ നല്ലത്. തൈകൾക്ക് ആവശ്യത്തിന് തണൽ നൽകുകയും വേണം.

**ആദായകരമെങ്കിൽ വേനൽകാലത്തും ടാപ്പിങ് തുടരാം. മരങ്ങൾക്ക് വേനൽകാലവിശ്രമം നൽകേണ്ടതില്ല. മൂന്നു ദിവസത്തിലൊരിക്കൽ വീതമുള്ള ടാപ്പിങ്ങായിരിക്കും ഉത്തമം. മഴക്കാലത്ത് ടാപ്പിങ് സുഗമമാക്കുന്നതിനായി പിടിപ്പിച്ച റെയിൻഗാർഡുകൾ മരങ്ങളിൽനിന്ന് നീക്കം ചെയ്തിട്ടില്ലെങ്കിൽ അവ അഴിച്ചുമാറ്റണം.**



### കൃഷിയിടത്തിൽ

റബ്ബർതൈകളിൽ *കൊറിനിസ്പോറ* ഇലപ്പുള്ളി രോഗം കാണപ്പെടുന്നത് വേനൽകാലത്താണ്. ഇലകളിൽ അങ്ങിങ്ങായി ചെറുതും വലുതുമായ പൊട്ടുകൾ കാണപ്പെടുന്നതാണ് രോഗത്തിന്റെ ആരംഭം. പിന്നീടവ യോജിച്ച് ഒന്നായിത്തീരുകയും ഇലകൾ കൊഴിയുകയും ചെയ്യും. ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം, 0.2 ശതമാനം മാങ്കോസെബ്, 0.05 ശതമാനം കാർബെൻഡാസിം, കോപ്പർ ഓക്സിക്ലോറൈഡ് (WP) 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയത്, എണ്ണയിൽ കലർത്താവുന്ന കോപ്പർ ഓക്സിക്ലോറൈഡ്







ഒരു കിലോഗ്രാം 5 ലിറ്റർ സ്പ്രേ ഓയിലിൽ കലർത്തിയത് എന്നിവയിലേതെങ്കിലും സ്പ്രേ ചെയ്ത് രോഗം വ്യാപിക്കുന്നത് തടയാൻ സാധിക്കും.

റബ്ബർമരങ്ങളിൽ തളിരിലകൾ വരുന്ന ഇക്കാലത്ത് അവയെ പൊടിക്കുമിൾരോഗം ബാധിക്കുക സാധാരണ മാണ്. മഞ്ഞുള്ളതും ഇടയ്ക്കിടെ നേരിയതോതിൽ പെയ്യുന്ന മഴയുള്ളതുമായ കാലാവസ്ഥ രോഗം വ്യാപി ക്കുന്നതിന് അനുകൂലമാണ്. തുടക്കത്തിൽ തളിരിലകളിൽ വെളുത്ത പൂപ്പൽ പൊടിപോലെ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. രോഗം ബാധിച്ച തളിരിലകൾ ഉണങ്ങിച്ചുരുണ്ട് കൊഴിഞ്ഞുപോകുന്നു. അനുകൂല കാലാവസ്ഥയിൽ രോഗം പല തവണ ആവർത്തിച്ചേക്കാം. ഇലകൾ കൊഴി ഞ്ഞുപോകുകയും ചെയ്യും. തോട്ടത്തിലെ പത്തു ശതമാനം മരങ്ങളിൽ തളിരിലകൾ ഉണ്ടായിക്കഴിഞ്ഞാൽ അപ്പോൾ മുതൽ തണുപ്പുകാലം തീരുന്നതുവരെ 325 മെഷ് വലിപ്പമുള്ള ഗന്ധകപ്പൊടി 7–14 ദിവസം ഇടവേള യിൽ തൂളിക്കൊടുത്ത് രോഗത്തെ ഫലപ്രദമായി തടയാം. ഇലകളിൽ മഞ്ഞുതുള്ളികളുടെ നനവ് നിൽക്കുന്ന പ്രഭാതസമയങ്ങളിൽ ഇതു ചെയ്യുന്നതാണ് ഏറ്റവും ഫലപ്രദം. ഗന്ധകപ്പൊടിയും ടാൽക് പൗഡറുംകൂടി 70:30 എന്ന അനുപാതത്തിൽ ചേർത്ത മിശ്രിതമാണ് ഇതിനു പയോഗിക്കുന്നത്.

ചെറുതൈകൾക്ക് വെറ്റബിൾ സൾഫർ രണ്ടരഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് 7–10 ദിവസത്തിലൊരിക്കൽ വീതം സ്പ്രേ ചെയ്തുകൊടു ത്താൽ മതിയാകും. കാർബെൻഡാസിം തളിക്കുന്നതാണ് രോഗനിയന്ത്രണത്തിനുള്ള മറ്റൊരു മാർഗം. വെറ്റബിൾ സൾഫറും കാർബെൻഡാസിമും മാറി മാറി പ്രയോഗിക്കു കയാണെങ്കിൽ ഫലസാദ്ധ്യതയേറും.

റബ്ബർമരങ്ങളിൽ തറനിരപ്പിൽനിന്ന് രണ്ടരമീറ്റർ വരെ ഉയരത്തിൽ ശാഖകളുണ്ടാകാൻ അനുവദിക്കുന്നത് പിന്നീട് അവയിലെ ടാപ്പിങ് ദുഷ്കരമാക്കും. അനാവശ്യമായ ശാഖകൾ മൂർച്ചയുള്ള കത്തി ഉപയോഗിച്ച് തായ്ത്തടി യോടുചേർത്ത് മുറിച്ചുമാറ്റണം.

### വേനൽകാലസംരക്ഷണം

കൃഷിയിടങ്ങളിലെ തൈകൾക്ക് വേനൽകാലസംര ക്ഷണം നൽകേണ്ടതുണ്ട്. ചെറുതൈകൾക്ക് തണൽ നൽകുകയും ചവറുവെയ്ക്കുകയും ചെയ്യാം. തൈകളുടെ ചുവട്ടിൽനിന്ന് അഞ്ചുമുതൽ ഏഴര വരെ സെ.മീ. അകല ത്തിൽവേണം ചവറുവയ്ക്കാൻ. രണ്ടാം വർഷം മുതൽ ശിഖരങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്ന പ്രായം വരെ തൈക ളുടെ തായ്ത്തടിയിൽ (ഒട്ടുബന്ധം മുതൽ ആദ്യ ശിഖരം വരെ) വെള്ള പൂശാം. ഇതിനായി ചുണ്ണാമ്പുലായനി തയ്യാ റാക്കുമ്പോൾ അതിനൊപ്പം തുരിശ് ചേർക്കേണ്ടതില്ല. ചൈനാക്ലേലായനി പുരട്ടുന്നതിനെക്കാൾ ചുണ്ണാമ്പു ലായനി പുരട്ടുന്നതാണ് ഫലപ്രദം.

വേനൽകാലത്ത് റബ്ബർതോട്ടങ്ങളിൽ അഗ്നിബാധ യ്ക്ക് സാധ്യതയേറുമെന്നതിനാൽ വേനലിന്റെ തുടക്കം മുതൽതന്നെ ഇതിനെതിരായി മുൻകരുതലുകൾ സ്വീകരി ക്കണം. തോട്ടത്തിന് നാലുചുറ്റും മൂന്നു മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ ചെടികളും കരിയിലകളും നീക്കി തെളിച്ച് ഒരു ഫയർബെൽറ്റ് നിർമിക്കാം. ഇങ്ങനെ തെളിച്ച ഭാഗത്ത് വീഴുന്ന ഉണക്കയിലകൾ തുടർന്നും നീക്കം ചെയ്തുകൊണ്ടിരിക്കണം.

### ടാപ്പിങ്

ആദായകരമെങ്കിൽ വേനൽകാലത്തും ടാപ്പിങ് തുടരാം. മരങ്ങൾക്ക് വേനൽകാലവിശ്രമം നൽകേണ്ടതില്ല. മൂന്നു ദിവസത്തിലൊരിക്കൽ വീതമുള്ള ടാപ്പിങ്ങായി രിക്കും ഉത്തമം. മഴക്കാലത്ത് ടാപ്പിങ് സുഗമമാക്കുന്നതി നായി പിടിപ്പിച്ച റെയിൻഗാർഡുകൾ മരങ്ങളിൽനിന്ന് നീക്കം ചെയ്തിട്ടില്ലെങ്കിൽ അവ അഴിച്ചുമാറ്റണം. കേടു പാടുകൾ പറ്റാതെ ശ്രദ്ധാപൂർവം അഴിച്ചുമാറ്റിയാൽ റെയിൻ ഗാർഡുകൾ വീണ്ടും ഉപയോഗിക്കാൻ സാധിക്കും. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2025 ജനുവരി മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബർനടീൽ, പരിപാലനം**
റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം (ഓൺലൈൻ) ജനുവരി 2-ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **തേനീച്ചവളർത്തൽ**
റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം ജനുവരി 3-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **റബ്ബർകൃഷി**
റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം ജനുവരി 6 മുതൽ 8 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗകീടങ്ങളുടെ നിയന്ത്രണമാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. കർഷകർ, തോട്ടംമാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 4500 രൂപ (18 ശതമാനം ജി.എസ്.റ്റി.പുറമെ).

4. **റബ്ബർവ്യവസായം**
റബ്ബർവ്യവസായസംരംഭകരാകാൻ താൽപര്യമുള്ളവർക്കായി പരിശീലനപരിപാടി (ഓൺലൈൻ) ജനുവരി 07-ന് നടക്കും. ഷീറ്റുസംസ്കരണം, റബ്ബർപാലിൽ നിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമാണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് പരിശീലനം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **രോഗ-കീട നിവാരണം**
റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം (ഓൺലൈൻ) ജനുവരി 13-ന് നടത്തും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ**
ഷീറ്റുറബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റുറബ്ബർ നിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച ഗ്രീൻബുക്ക് നിബന്ധനകൾ



എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജനുവരി 14, 15 തീയതികളിൽ നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റുനിർമാതാക്കൾ, ഉത്പന്നനിർമാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **റബ്ബർടാപ്പിങ്**
   റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം ജനുവരി 16,17 തീയതികളിൽ നടക്കും. നൂതന ടാപ്പിങ്‌രീതികൾ ഉത്തേജകഔഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ് നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലനഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

8. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജനുവരി 20 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ. ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ, റബ്ബർബാന്റ്, കയ്യുറകൾ, ഫോം റബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

9. **നടീൽവസ്തുക്കൾ**
   വിവിധതരം നടീലിനങ്ങളെക്കുറിച്ചും നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചുമുള്ള പരിശീലനം ജനുവരി 21-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

10. **മികച്ച കാർഷികരീതികൾ**
    മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം ജനുവരി 23 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

11. **വളമിടൽ**
    റബ്ബർമരങ്ങളുടെ വളമിടലിനെക്കുറിച്ചുള്ള പരിശീലനം ജനുവരി 27-ന് നടക്കും. കർഷകർ, എസ്റ്റേറ്റ് മാനേജർമാർ, നഴ്സറിയുടമകൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

12. **ഇടവിളക്കൃഷി**
    റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം ജനുവരി 30-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി പുറമെ). •

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 9446976726 (വ്യവസായം), 9495928077 (കൃഷി), 7306464582 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# ഓണാട്ടുകരയിലെ സദ്യവിശേഷങ്ങൾ

നീണ്ടകര അഴിക്കും തോട്ടപ്പള്ളി പൊഴിക്കും ഇടയിലായി അലയാഴിക്ക് കിഴക്ക് ഇടനാടു വരെ വ്യാപിച്ചു കിടക്കുന്ന ആലപ്പുഴ കൊല്ലം ജില്ലകളിൽ ഉൾപ്പെട്ടു കിടക്കുന്ന സവിശേഷതകൾ ഏറെയുള്ള കാർഷിക ഭൂപ്രദേശമാണ് ഓണാട്ടുകര. നെല്ലും നല്ലെണ്ണയും നാളികേരവും നാനാജാതി കിഴങ്ങുവർഗവിളകളും കാർഷിക സമ്പൽസമൃദ്ധിയേകുന്ന ഭൂമികയാണിത്! ആണ്ടുവട്ടം ഒരു പ്രദേശത്തെ ജനസഞ്ചയത്തിന് ഓണത്തിന്റെ സുഭിക്ഷതയൊരുക്കുന്ന ഓണമൂട്ടുകര! ഒരു കാലത്ത് കൃഷിയുടെ തനിമയും തഞ്ചവും താളവുമാണ് ഇവിടെ ജീവിതത്തിന്റെ ഗതിവിഗതികളെ നിർണയിച്ചിരുന്നതും നിയന്ത്രിച്ചിരുന്നതും. ഭക്ഷണത്തിന്റെയും ഭാഷയുടെയും ഉത്സവാഘോഷങ്ങളുടെയും പ്രകൃതി ഉപാസനയുടെയുമൊക്കെ കാര്യത്തിൽ പ്രത്യേകതകളേറെയുള്ള ഓണാട്ടുകര സദ്യവട്ടങ്ങളുടെ കാര്യത്തിലും കേരളത്തിൽ മറ്റെങ്ങുമില്ലാത്ത സവിശേഷതകളുള്ള നാടായിരുന്നു.

മലയാളിയെ സംബന്ധിച്ച് ഓണസദ്യ തന്നെയാണ് ഏറെ പെരുമയാർന്ന ഹൃദയപക്ഷം ചേർന്ന സദ്യ! ഓർമയുടെ ഉത്സവമായ ഓണം ശ്രുതി ചേർത്ത ഒരുമയുടെ സംഗീതവും ഒത്തുചേരലിന്റെ താളവും ചേരുംപടി ചേരുന്നതാണ് ഓണസദ്യ! എന്നാൽ, ഓണാട്ടുകരക്കാർക്ക് വ്യത്യസ്തങ്ങളായ എത്രയെത്ര സദ്യവട്ടങ്ങളുടെ കഥയും കാര്യവുമാണ് പറയാനുള്ളത്. പുരമേച്ചിൽ സദ്യ, കിണർ ഇറക്കൽ സദ്യ, തുറു ഇടീൽ സദ്യ, കുളം വെട്ടു സദ്യ തുടങ്ങിയ വേറിട്ട സദ്യകൾ.

ഏതാണ്ട് അര നൂറ്റാണ്ടു മുമ്പു വരെ നമ്മുടെ നാട്ടിലെ ഒട്ടുമിക്ക വീടുകളും ഓലമേഞ്ഞതായിരുന്നു. കാലവർഷാരംഭത്തിന് മുമ്പായി വീടുകളെല്ലാം ഓല മേഞ്ഞ് നവീകരിക്കും. വലിയ അദ്ധ്വാനം വേണ്ടതായ ജോലിയാണിത്. പുരപ്പുറത്ത് കയറി പഴയ ഓലകളെല്ലാം അഴിച്ചിറക്കി മേൽകൂര തൂത്തുവൃത്തിയാക്കും. നേരത്തേ മെടഞ്ഞു വെച്ചിരിക്കുന്ന പുതിയ ഓല മുകളിലും നല്ല പഴയോല അടിയിലുമാക്കി പട്ടികയോടു ചേർത്ത് വെച്ച് കെട്ടുനാരുകൊണ്ട് കെട്ടി ഉറപ്പിക്കുന്നു. വീടിന്റെ വിസ്തൃതിയനുസരിച്ച് ഓലമേച്ചിലിനുള്ള അദ്ധ്വാനം കൂടും. വീടിന്റെ മോന്തായം മേഞ്ഞ് കോടികൂട്ടുക, വാരി അരിഞ്ഞ് കൃത്യമാക്കുക തുടങ്ങിയവയൊക്കെ കൂടുതൽ വൈദഗ്ദ്ധ്യം വേണ്ട പണികളാണ്. ഇന്നിതാ പരിസ്ഥിതിക്ക് അനുഗുണമായ ഓലമേഞ്ഞ വീടുകൾ ഓർമയായി മാറി!

പുരമേച്ചിൽ പൂർത്തിയാക്കി പുരയ്ക്കകവും പുറവും തൂത്തുവൃത്തിയാക്കി പഴയ ഓലകളെല്ലാം കെട്ടുകളാക്കി മാറ്റിക്കഴിഞ്ഞാൽ പിന്നെ പുരമേച്ചിൽ സദ്യ വിളമ്പുകയായി. വലിയ ചിക്കുപായ നിലത്ത് വിരിച്ച് അതിലിരുന്നാണ് ഭക്ഷണം കഴിക്കുക. വീട്ടിൽതന്നെ തയ്യാറാക്കുന്ന നാടൻ ഭക്ഷണം ഇലയിലാണ് വിളമ്പുക. എല്ലാവരും ഒരുമിച്ചിരുന്ന് വലിപ്പചെറുപ്പ വർഗവർണ വ്യത്യാസമില്ലാതെയിരുന്ന് ഭക്ഷണം കഴിക്കുന്നു. മിക്കപ്പോഴും വീട്ടിലെ കുട്ടികളടക്കം ഈ സദ്യയിൽ പങ്കാളികളാകുന്നു. ഒരു തരത്തിൽ ഇതൊരു പന്തിഭോജനമായിരുന്നു. പോയകാല അയൽപക്ക ബന്ധത്തിന്റെയും അദ്ധ്വാനം പങ്കുവെയ്ക്കുന്ന പാരസ്പര്യ നന്മയുടെയും സുവിശേഷമായിരുന്നു പുരകെട്ടി മേച്ചിലും മേച്ചിൽ സദ്യയും!

കുളംവെട്ടി വൃത്തിയാക്കലും കിണർ ഇറക്കലും ഇതേപോലെ തന്നെ ഒരുമയുടെയും അദ്ധ്വാനം പങ്കുവെയ്ക്കലിന്റെയും ഉത്തമ മാതൃകയായിരുന്നു. വേതനം അഥവാ കൂലി കൊടുത്ത് ചെയ്യിച്ചിരുന്ന പ്രവൃത്തികളായിരുന്നില്ല ഇവ. അയൽബന്ധങ്ങളെ ഊഷ്മളമായി വിളക്കിച്ചേർത്തിരുന്ന പരസ്പരാശ്രിത നന്മയായിരുന്നു. വീട്ടുവളപ്പിലെ കുളങ്ങളുടെ കാര്യത്തിലും ഏറെ സമ്പന്നമായിരുന്നു ഓണാട്ടുകര. ചെറുതും വലുതുമായ ഒന്നും രണ്ടും കുളങ്ങൾ മിക്ക വീടുകളോട് ചേർന്നുമുണ്ടായിരുന്നു. വീട്ടുകാർക്ക് കുളിക്കാനും കന്നുകാലികളെ കുളിപ്പിക്കാനും ഓല കുതിർക്കാനും മറ്റുമായുള്ള വിവിധോദ്ദേശ്യ കുളങ്ങൾ. ഈ കുളങ്ങളിലെല്ലാം നാടൻ മീനുകളുമുണ്ടാകും. ദൈനംദിന ഉപയോഗത്താൽ കുളത്തിന്റെ തിട്ട ഇടിയുകയും മഴക്കാലത്ത് മണ്ണും വെള്ളവും ഒഴുകിയെത്തി നികരുകയും കൽപടവുകൾക്ക് കേടുപാടുകളുണ്ടാകുകയും സ്വാഭാവികം.

വർഷംതോറും കുംഭം മീനം മാസങ്ങളിൽ കുളം വെട്ടി വൃത്തിയാക്കുകയെന്നത് ഓണാട്ടുകരയിൽ മുടങ്ങാതെ നടന്നിരുന്ന കാര്യമാണ്. കുളത്തിലെ മീൻ പിടിക്കുകയാണ് ആദ്യപടി. തുടർന്ന് കുളത്തിൽ അടിഞ്ഞുകൂടി കിടക്കുന്ന ചെളിയും മണ്ണുമെല്ലാം വാരി മാറ്റി ആഴം

കൂട്ടുന്നു. ഇങ്ങനെ വാരി മാറ്റുന്ന ചെളിയും പായലും മറ്റും തെങ്ങിൻ ചുവട്ടിലിടും, അത് തെങ്ങിന് വളമായി മാറും. കുളത്തിന്റെ വശങ്ങൾ ചുറ്റോടുചുറ്റും കോരിപ്പിടിച്ച് കൽപടവുകൾ വൃത്തിയാക്കുകയുമാണ് മറ്റൊരു പ്രധാനപണി. ഏഴെട്ട് പേരുടെ കഠിനാദ്ധ്വാനമുണ്ടായാലേ കുളംവെട്ടി വൃത്തിയാക്കുന്ന പണികൾ യഥാവിധി നടക്കൂ. ഈ ജോലികളിലെല്ലാം വീട്ടിലുള്ളവരും പങ്കുചേരും. ഇവിടെ നാം കാണേണ്ട പ്രധാന കാര്യം ഭൂഗർഭജല സമൃദ്ധിക്ക് ഈ കുളങ്ങൾ വഹിച്ചിരുന്ന പങ്ക് എത്ര കണ്ട് മഹത്തരമായിരുന്നു എന്നതാണ്! ഒരായിരം മഴക്കുഴികളുണ്ടാക്കി നടത്തുന്ന മഴവെള്ള സംഭരണത്തേക്കാൾ അധികരിച്ച പങ്കാണ് ഈ കുളങ്ങൾ നിർവഹിച്ചുപോന്നത്. ജലസംരക്ഷണ സംഭരണ കാര്യങ്ങളിൽ അക്കാദമിക വിജ്ഞാനമില്ലാത്ത ഓണാട്ടുകരയിലെ കാരണവന്മാർക്ക് ജലസംരക്ഷണത്തിന്റെ പ്രയോഗപാഠങ്ങൾ മനക്കണക്കായിരുന്നു. കുളംവെട്ടി വൃത്തിയാക്കുന്ന ഈ പുനരുജ്ജീവന യജ്ഞം പൂർണമായാൽ ഇതിനായി അദ്ധ്വാനിച്ചവർക്കുള്ള സദ്യയുടെ ഊഴമാണ്. കുളത്തിൽ നിന്നു പിടിച്ച മീൻ കറി വെച്ചതും മരച്ചീനിയോ ചക്കയോ വേവിച്ചതടക്കമുള്ള വിഭവങ്ങളാൽ സ്വാദിഷ്ഠമായ അക്ഷരാർത്ഥത്തിൽ ഒരു രുചിമേളനം തന്നെയാണത്.

കിണർ കോരിഇറച്ച് വൃത്തിയാക്കുന്നതും മാർച്ച് ഏപ്രിൽ മാസങ്ങളിൽ മുടങ്ങാതെ നടത്തിയിരുന്ന മറ്റൊരു ശുചീകരണ യജ്ഞമായിരുന്നു. അയൽക്കാർ ഒത്തുകൂടി സമർപ്പണമനസ്സോടെ നടത്തിയിരുന്ന കുടിവെള്ള സ്രോതസ്സിന്റെ ശുചീകരണം! കിണറിലെ വെള്ളം മുഴുവൻ കോരി വറ്റിച്ച് കിണറും തൊടികളും വൃത്തിയാക്കുമ്പോൾ മണ്ണും ചെളിയും നിറഞ്ഞ് അടഞ്ഞു പോകുന്ന ഉറവക്കണ്ണികൾ തെളിയുകയും ജലപ്രവാഹം ശക്തമാകുകയും ചെയ്യും. അവസാനമായി ചിരട്ട കത്തിച്ച കരിയും ലേശം ഉപ്പുപരലും പച്ചമഞ്ഞളും കൂടി കിണറ്റിൽ നിക്ഷേപിക്കുന്നതോടെ കിണർ ഇറക്കലിന് പരിസമാപ്തിയാകും. ജലശുദ്ധീകരണത്തിനായുള്ള പഴമക്കാരുടെ നാട്ടുമരുന്ന് പ്രയോഗമാണിത്. തുടർന്ന് എല്ലാവരും കുളിച്ച് ദേഹശുദ്ധി വരുത്തി കുശാലായ ഉച്ചഭക്ഷണത്തിലേക്ക് കടക്കുന്നു. അങ്ങനെ കിണർ ഇറയ്ക്കൽ കഴിഞ്ഞ് എല്ലാവരും ഈ സദ്യ കഴിച്ചാണ് സന്തോഷം പിരിയുക.

നെൽപാടങ്ങളും നെൽകൃഷിയും ഓണാട്ടുകരയുടെ മുഖശ്രീയായിരുന്നു. അതുകൊണ്ടുതന്നെ കൊയ്ത്തുമെതിക്കാലം ഇവിടെ ഉത്സാഹത്തിമിർപ്പിന്റെ ആഹ്ലാദകാലം കൂടിയായിരുന്നു. നെല്ലുണക്കി പത്തായത്തിലാക്കിക്കഴിഞ്ഞാൽ കച്ചി അഥവാ വൈക്കോൽ ചിക്കിയുണക്കി തുറുവിട്ട് കന്നുകാലികൾക്കായി കരുതിവെയ്ക്കും. ഏറെ അദ്ധ്വാനം ആവശ്യമായ തുറുവിടീൽ ദിവസം ആണാളും പെണ്ണാളുമടക്കം നിരവധി കർഷകത്തൊഴിലാളികൾ ജോലിക്കായുണ്ടാകും. തുറുവിടീലോടെയാണ് ഒരു കൊയ്ത്തുമെതിക്കാലത്തിന് തിരശ്ശീല വീഴുന്നത്. തുറുവിടീൽ കഴിഞ്ഞാൽ പണിക്കാർക്കെല്ലാം ഇഷ്ടാനുസരണം ഭക്ഷണം നൽകും. ഉപദംശങ്ങളെല്ലാമായി ഇലയിൽ വിളമ്പുന്ന തുറു ഇടീൽ സദ്യയിൽ മരച്ചീനി പുഴുക്കും മീൻകറിയും കൂടിയുണ്ടാകും.

പണിയെടുക്കുന്നവർക്ക് വയറുനിറയെ ഇഷ്ടഭക്ഷണം നൽകുകയെന്നത് ഓണാട്ടുകരയിൽ മാത്രമല്ല പോയകാല കേരളീയ ശീലമായിരുന്നു. വെറും ഊഴിയം പോക്കലായിരുന്നില്ല അത്. സ്നേഹപൂർവം മനസ്സു നിറഞ്ഞ ആത്മാർത്ഥതയോടെ അടുക്കളയിൽ ഒരുക്കുന്ന സ്വാദിഷ്ടമായ ഭക്ഷണം വിളമ്പി നൽകുമ്പോൾ അത് കേവലം ഉദരപൂരണമായിരുന്നില്ല മറിച്ച് ഒരു ഹൃദയബന്ധത്തിന്റെ ഇണക്കുകണ്ണി കൂടിയായി മാറുന്നു!

രുചിയറിഞ്ഞ് ആസ്വദിച്ച് ആഹാരം കഴിക്കാൻ പോലും നേരമില്ലാത്ത 'ബൊഫേ' കാലമാണിത്. ടെലിവിഷൻ സീരിയലിൽ കണ്ണുനട്ട് മൊബൈൽ സന്ദേശങ്ങളിൽ കാതുകൊടുത്ത് ആഹാരം 'ശ്ലോകത്തിൽ കഴിക്കുന്ന' നിലയിലേക്ക് നമ്മുടെ തീൻമേശ സംസ്കാരം മാറിയിരിക്കുന്നു. നാലുപേർ അധികമായി ആഹാരം കഴിക്കാനെത്തുമെങ്കിൽ കാറ്ററിങ് സ്ഥാപനങ്ങളെ ആശ്രയിക്കുന്ന രീതിയിലേക്ക് നമ്മൾ മാറിക്കഴിഞ്ഞു. ഇതാ ഇവിടെയാണ് ഓണാട്ടുകരയിലെ വേറിട്ട ഈ സദ്യവിശേഷങ്ങളുടെ കാലിക പ്രാധാന്യം. ബന്ധുമിത്രാദികളോടൊപ്പമുള്ള മഹാഭോജനം എന്ന് അർത്ഥമുള്ള 'സഗ്ധിഃ' എന്ന സംസ്കൃത ശബ്ദത്തിൽ നിന്നാകാം സദ്യ എന്ന മലയാള പദത്തിന്റെ ഉത്ഭവമെന്നാണ് കരുതുന്നത്.

ഓണാട്ടുകരയിലെ പഴയ ഭക്ഷണ സംസ്കാരത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന ഈ വേറിട്ട സദ്യവിശേഷങ്ങൾ അമൃതായും ഔഷധമായും മാറേണ്ട ആഹാരത്തെക്കുറിച്ചുള്ള ഓർമപ്പെടുത്തൽ കൂടിയാണ്. മാത്രമല്ല അയൽപക്കബന്ധത്തിന്റെയും ജാതിമത ചിന്തകളില്ലാത്ത ഒരുമയുടെയും അടുക്കള ഭക്ഷണത്തിന്റെയും നാട്ടുരുചികളുടെയും തനിമയേയും മഹിമയേയും ഓർമിപ്പിക്കുന്ന ആരോഗ്യക്കുറിപ്പുകൂടിയാണെന്ന് പ്രിയപ്പെട്ട വായനക്കാരോട് സ്നേഹപൂർവം പറയട്ടെ! •

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**വേനൽകാലസംരക്ഷണം**

റബ്ബർതൈകൾക്ക് വേനൽകാലത്ത് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2024 ഡിസംബർ 13 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും.

**മഞ്ഞുകാലരോഗങ്ങളും നിവാരണമാർഗങ്ങളും**

റബ്ബർമരങ്ങളെ ബാധിക്കുന്ന മഞ്ഞുകാലരോഗങ്ങളും അവയുടെ നിവാരണമാർഗങ്ങളും സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ജനുവരി 10 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എഡ്വിൻ പ്രേം ഇ. മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2024 നവംബർ 1 | 18000 | 17600 | 12415 | 18000 | 17600 | 19432 | 19357 |
| 2024 നവംബർ 2 | 18000 | 17600 | അവധി | 18000 | 17600 | അവധി | അവധി |
| 2024 നവംബർ 3 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 നവംബർ 4 | 18000 | 17600 | 12365 | 18000 | 17600 | 18680 | 18605 |
| 2024 നവംബർ 5 | 18000 | 17600 | 12260 | 18000 | 17600 | 18805 | 18730 |
| 2024 നവംബർ 6 | 18100 | 17700 | 12260 | 18100 | 17700 | 19267 | 19193 |
| 2024 നവംബർ 7 | 18200 | 17800 | 12365 | 18200 | 17800 | 19507 | 19433 |
| 2024 നവംബർ 8 | 18400 | 18000 | 12470 | 18400 | 18000 | 19926 | 19852 |
| 2024 നവംബർ 9 | 18400 | 18000 | അവധി | 18400 | 18000 | അവധി | അവധി |
| 2024 നവംബർ 10 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 നവംബർ 11 | 18400 | 18100 | 12680 | 18400 | 18100 | 20284 | 20210 |
| 2024 നവംബർ 12 | 18400 | 18100 | 12680 | 18400 | 18100 | 20011 | 19937 |
| 2024 നവംബർ 13 | 18400 | 18100 | 12470 | 18400 | 18100 | 19445 | 19372 |
| 2024 നവംബർ 14 | 18300 | 18000 | 12365 | 18300 | 18000 | 19206 | 19133 |
| 2024 നവംബർ 15 | 18300 | 18000 | 12365 | 18300 | 18000 | 18746 | 18674 |
| 2024 നവംബർ 16 | 18300 | 18000 | അവധി | 18300 | 18000 | അവധി | അവധി |
| 2024 നവംബർ 17 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 നവംബർ 18 | 18300 | 18000 | 12260 | 18300 | 18000 | 18690 | 18617 |
| 2024 നവംബർ 19 | 18300 | 18000 | 12260 | 18300 | 18000 | 18854 | 18781 |
| 2024 നവംബർ 20 | 18400 | 18100 | 12260 | 18400 | 18100 | 19504 | 19431 |
| 2024 നവംബർ 21 | 18500 | 18200 | 12365 | 18500 | 18200 | 19941 | 19868 |
| 2024 നവംബർ 22 | 18600 | 18300 | 12365 | 18600 | 18300 | 19609 | 19536 |
| 2024 നവംബർ 23 | 18600 | 18300 | അവധി | 18600 | 18300 | അവധി | അവധി |
| 2024 നവംബർ 24 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 നവംബർ 25 | 18700 | 18400 | 12365 | 18700 | 18400 | 19847 | 19774 |
| 2024 നവംബർ 26 | 18900 | 18500 | 12365 | 18900 | 18500 | 20238 | 20165 |
| 2024 നവംബർ 27 | 19000 | 18600 | 12470 | 19000 | 18600 | 20351 | 20279 |
| 2024 നവംബർ 28 | 19200 | 18800 | 12575 | 19200 | 18800 | 20762 | 20689 |
| 2024 നവംബർ 29 | 19400 | 19000 | 12680 | 19400 | 19000 | 20824 | 20751 |
| 2024 നവംബർ 30 | 19500 | 19100 | അവധി | 19500 | 19100 | അവധി | അവധി |
| **ശരാശരി** | **18485** | **18135** | **12412** | **18485** | **18135** | **19616** | **19542** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

## പ്രകൃതിദത്തറബ്ബർമേഖല – പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ആഗസ്റ്റ് 2024 | ആഗസ്റ്റ് 2023 | ഏപ്രിൽ 2024 മുതൽ ആഗസ്റ്റ് 2024 വരെ | ഏപ്രിൽ 2023 മുതൽ ആഗസ്റ്റ് 2023 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 52360 | 49480 | 167660 | 170130 | 542175 | |
| ബ്ലോക്കുറബ്ബർ | 13940 | 15220 | 68675 | 66420 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 8850 | 8950 | 39600 | 36550 | 101895 | |
| മറ്റുള്ളവ | 1850 | 2350 | 7065 | 7900 | 22010 | |
| ആകെ | 77000 | 76000 | 283000 | 281000 | 857000 | 0.7 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 42450 | 43950 | 244150 | 233565 | 589345 | |
| ബ്ലോക്കുറബ്ബർ | 59900 | 61250 | 294250 | 306250 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 7100 | 8850 | 39700 | 43410 | 108405 | |
| മറ്റുള്ളവ | 2550 | 2950 | 12900 | 13775 | 34240 | |
| ആകെ | 112000 | 117000 | 591000 | 597000 | 1416000 | -1.0 |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **77404** | **77540** | **410173** | **402257** | **952495** | **2.0** |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 69822 | 51110 | 243701 | 221017 | 492682 | |
| കയറ്റുമതി (p) | 196 | 249 | 1495 | 1549 | 4199 | |
| **2024 ആഗസ്റ്റ് അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | | |
| കർഷകർ | | 90000 | ഷീറ്റുറബ്ബർ | | | 189550 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 98000 | ബ്ലോക്കുറബ്ബർ | | | 61250 |
| ടയർനിർമ്മാതാക്കൾ (c) | | 78000 | റബ്ബർപാൽ (ഡി. ആർ. സി.) | | | 25700 |
| മറ്റു വ്യവസായികൾ | | 37000 | മറ്റുള്ളവ | | | 26500 |
| ആകെ | | 303000 | ആകെ | | | 303000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*


ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക് വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



# എം-റൂബ് : റബ്ബർബോർഡിന്റെ ഓൺലൈൻ ട്രേഡിങ് പ്ലാറ്റ്ഫോം

**mRube**

*An e market for natural rubber*

## എം-റൂബിൽ ഇതുവരെ

**405 കോടി രൂപയുടെ റബ്ബർവ്യാപാരം**

**1656 കരാറുകളിലായി 28460 ടൺ റബ്ബർ വ്യാപാരം**

**2150-ലധികം രജിസ്റ്റേർഡ് അംഗങ്ങൾ**

**ഷീറ്റുറബ്ബർ**
**ബ്ലോക്കുറബ്ബർ**
**ലാറ്റക്സ്**
**എന്നിവയുടെ വ്യാപാരം**

**ലൈസൻസുള്ള വ്യാപാരികൾ,ടയർനിർമ്മാതാക്കൾ, റബ്ബറുത്പന്നനിർമ്മാതാക്കൾ, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബറുത്പാദകസംഘങ്ങൾ എന്നിവർക്ക് https://www.mrube.in/en-US/login എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാം.**

Reach us! 8301952290    rubberboardmrube@gmail.com

RUBBER MONTHLY (MALAYALAM)
Published on 11 December 2024
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment

# റബ്ബർകർഷകർക്ക് ഒരു
# സമ്പൂർണ പ്രസിദ്ധീകരണം




റബ്ബർ
മാസിക

റബ്ബർബോർഡ് പ്രസിദ്ധീകരണം

വാർഷിക വരിസംഖ്യ 100 രൂപ
10 വർഷത്തേക്ക് 750 രൂപ

കൂടുതൽ വിവരങ്ങൾക്ക്
റബ്ബർബോർഡ് കോൾസെന്റർ
ഫോൺ: 0481 2576622

Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad